# എറണാകുളം മിസ്സം

# ERNAKULAM MISSAM

English & Malayalam Monthly

Vol. No. 67 Issue No. 8 August 2024 Rs. 15/-

MAJOR ARCHEPARCHY OF ERNAKULAM-ANGAMALY





# ജൂബിലി മംഗളങ്ങൾ!

## സുവർണ്ണജൂബിലി (1974 – 75 – 2024 – 25)


ഫാ. മാത്യു
ഇടശ്ശേരി


ഫാ. പോൾ
തേലക്കാട്ട്


മോൺസിഞ്ഞോർ
ആന്റണി പെരുമായൻ


മോൺസിഞ്ഞോർ
ആന്റണി നരികുളം


ഫാ. പോൾ
കോട്ടയ്ക്കൽ (Sr.)


ഫാ. ഹോർമിസ്
മൈനാട്ടി


ഫാ. ജോസഫ്
തെക്കുംതല

## രജതജൂബിലി (1999 – 2000 – 2024 – 25)


ഫാ. തോമസ്
കണ്ണാട്ട്


ഫാ. പോൾ
കോട്ടയ്ക്കൽ (Jr.)


ഫാ. പീറ്റർ
കോയിക്കര


ഫാ. ജോസഫ്
(ജോമോൻ) കൈപ്രമ്പാട്ട്


ഫാ. ജോസഫ്
(ബിജു) പ്ലായ്ക്കൽ


ഫാ. വർഗീസ്
മൂഞ്ഞേലി (Sr.)


ഫാ. വർഗീസ്
ആലുക്കൽ


ഫാ. പോൾ
(ജോബി) പടയാട്ടിൽ


ഫാ. വർഗീസ്
(ബൈജു) ഇടശ്ശേരി


ഫാ. ജോൺസൺ
കക്കാട്ട്


ഫാ. പീറ്റർ
തിരുതനത്തിൽ


ഫാ. തോമസ്
(ജോഷി) കളപ്പറമ്പത്ത്


ഫാ. തോമസ്
തറയിൽ

പൗരോഹിത്യസ്വീകരണത്തിന്റെ

**സുവർണ്ണ - രജത ജൂബിലി**

ആഘോഷിക്കുന്ന എല്ലാ വൈദികർക്കും അതിരൂപതയുടെ
മംഗളാശംസകളും പ്രാർത്ഥനയും സ്നേഹപൂർവ്വം നേരുന്നു!!!

# എറണാകുളം മിസ്സം

## ERNAKULAM MISSAM

English & Malayalam Monthly

Vol. No. 67 Issue No. 8 August 2024 Rs. 15/-






4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

5. സർക്കുലർ: 7/2024 - വയനാടിന് ഒരു കൈത്താങ്ങ്

6. സർക്കുലർ - 5-ാമത് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി

10. അറിയിപ്പ് (Ref. No. 6/2024)

11. തടവറ ശുശ്രൂഷാ ഞായർ

17. ജസ്റ്റിസ് സൺഡേ

22. കച്ചേരിക്കാര്യം
   - വിയാനി ഡേ
   - Transfers/Appointments
   - ദേവാലയശുശ്രൂഷികൾക്കുള്ള ധ്യാനം

24. നിര്യാതരായി

31. വാർത്തകളും വിശേഷങ്ങളും

32. വിശ്വാസപരിശീലന കേന്ദ്രം

35. ഫാമിലി അപ്പോസ്റ്റലേറ്റ്

37. AICO

38. ബൈബിൾ അപ്പോസ്റ്റലേറ്റ്

40. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)

45. കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസി

46. കെ.സി.എസ്.എൽ.

47. നൈപുണ്യ ഇന്റർനാഷണൽ

49. അതിരൂപതാ ഡയറി



**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Palakkal Kuriakose, Pallipuram | 1858 | 1887 | 2-8-1916 |
| Fr. Manadan Gervasis, Alangad | 1882 | 1875 | 2-8-1930 |
| Fr. Parackal George, Narakkal | 1922 | 1951 | 2-8-1997 |
| Msgr. Kavalakkatt Varghese, Kadukutty | 1910 | 1936 | 3-8-1994 |
| Fr. Parathiparambil Thomas, Muttom | 1942 | 1968 | 4-8-1994 |
| Fr. Palathunkal Thomas, Udayanapuram | 1897 | 1921 | 9-8-1969 |
| Fr. Thekkinedath Varghese, N. Parur | | 1921 | 10-8-1933 |
| Fr. Elavumkudy Paul, Aimury | 1922 | 1953 | 10-8-2007 |
| Msgr. Panikulam Joseph, N. Parur | 1908 | 1933 | 11-8-1993 |
| Fr. Pazhemadom Mathew, Vallakom | 1924 | 1953 | 11-8-2012 |
| Fr. Mulakal Gheevarghese, Thycattussery | 1861 | 1887 | 12-8-1932 |
| Fr. Pudissery Varghese, Valluvally | 1934 | 1964 | 13-8-2003 |
| Msgr. Vadakumchery Paul, Alangad | 1901 | 1931 | 15-8-1978 |
| Fr. Kammattil Mathew, Vaikom | 1918 | 1945 | 16-8-1972 |
| Fr. Kottoor Kuriakose, Kandanad | 1890 | 1919 | 18-8-1966 |
| Fr. Veliyilparambil John, Muttom | 1920 | 1949 | 18-8-1990 |
| Fr. Nettikadan Thomas, Meloor | 1927 | 1955 | 21-8-1985 |
| Msgr. Madambhagath Bernard, Valamangalam | | | 22-8-1923 |
| Fr. Mampilly Jacob, Narakkal | 1924 | 1951 | 22-8-2004 |
| Fr. Chiramel Joseph, Manjapra | 1889 | 1917 | 23-8-1970 |
| Fr. Chully Joseph, Vallom | | | 24-8-1964 |
| Fr. Mannassery Cyriac, Valamangalam | 1934 | 1961 | 24-8-1990 |
| Fr. Elamkuttuchira Jacob, Vaikom | 1929 | 1958 | 24-8-1991 |
| Fr. Thachil Joseph, Angamaly | 1939 | 1964 | 25-8-1989 |
| Fr. Nettikadan Thomas, Meloor | 1882 | 1909 | 28-8-1944 |
| Fr. Mampilly John, N. Parur | 1897 | 1929 | 28-8-1989 |
| Fr. Joseph Koilparambil, Pallippuram | 1928 | 1994 | 28-8-2018 |
| Fr. Vadakumchery Louis, Manjapra | 1920 | 1947 | 29-8-2009 |

സർക്കുലർ: 7/2024

# വയനാടിന് ഒരു കൈത്താങ്ങ്

മിശിഹായിൽ പ്രിയപ്പെട്ട അച്ചന്മാരേ, സന്ന്യസ്തരേ, അല്മായ സഹോദരങ്ങളേ,

വയനാട്ടിലെ മലയോരങ്ങളിൽ കഴിഞ്ഞ ദിവസമുണ്ടായ ഉരുൾ പൊട്ടലിൽ നിരവധി ജീവനുകൾ പൊലിഞ്ഞതായി നാം കണ്ടു. സുന്ദരമായ പ്രഭാതം സ്വപ്നം കണ്ടുറങ്ങിയവർ മലവെള്ളപ്പാച്ചി ലിൽ മരണത്തിന്റെ മടിത്തട്ടിലേക്കാണ് കടന്നുപോയത്. നിരവധി പേർ പരിക്കേറ്റ് ആശുപത്രികളിലാണ്. കിടപ്പാടവും മറ്റും നഷ്ടപ്പെട്ട ഒട്ടേറെപേർ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നു.

നമ്മുടെ സഹോദരങ്ങൾക്കുണ്ടായ ഈ അത്യാഹിതത്തിൽ അവരുടെ ദുഃഖത്തിൽ പങ്കുചേരാൻ നമുക്കു കടമയുണ്ട്. മരിച്ച വർക്കും ദുരിതമനുഭവിക്കുന്നവർക്കും അവരുടെ കുടുംബങ്ങൾ ക്കും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കും വേണ്ടി പ്രാർത്ഥിക്കുന്നതിനൊപ്പം നമ്മളാൽ കഴിയാവുന്ന സഹാ യങ്ങൾ എത്തിക്കുന്നതും നമ്മുടെ കർത്തവ്യമാണല്ലോ. വയനാ ട്ടിലെ ജനങ്ങളുടെ അതിജീവനത്തിനുവേണ്ടിയുള്ള പരിശ്രമ ങ്ങളിൽ നമ്മൾ അവർക്ക് കൈത്താങ്ങാകണം. അടിയന്തിര ദുരിതാശ്വാസമായി അതിരൂപതയുടെ സാമൂഹ്യ പ്രവർത്തനവിഭാഗ മായ 'സഹൃദയ' വഴി ഭക്ഷ്യവസ്തുക്കളും മറ്റ് അവശ്യവസ്തു ക്കളും കഴിഞ്ഞ ദിവസംതന്നെ നാം സമാഹരിച്ച് അവിടേക്ക് എത്തിച്ചിട്ടുണ്ട്. 2018-ലെ പ്രളയകാലത്ത് നമ്മുടെ ഇടവകകളിലെ ക്യാമ്പുകളിലേക്ക് വയനാട്ടിൽനിന്നും ഭക്ഷ്യവസ്തുക്കളും മറ്റും എത്തിച്ചുതന്നത് നമ്മുടെ ഓർമ്മയിൽ ഉണ്ടല്ലോ.

വയനാട്ടിലെ ദുരിതബാധിതർക്കുവേണ്ടി നമ്മുടെ ഇടവകകളിൽ പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും അടുത്ത ഞായറാഴ്ച വിശുദ്ധ കുർബാനമധ്യേ വയനാട് ദുരിതബാധിതരെ സഹായിക്കു ന്നതിനായി ധനശേഖരണം നടത്തുകയും ചെയ്യേണ്ടതാണ്. അപ്ര കാരം, സമാഹരിക്കുന്ന തുക ദുരിതബാധിതർക്ക് എത്തിക്കുന്ന തിന് സഹൃദയയുടെ മേൽനോട്ടത്തിൽ ക്രമീകരണങ്ങൾ നടത്തു ന്നുണ്ട്.

ഈ സംരംഭത്തിൽ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണ മെന്ന് അഭ്യർത്ഥിക്കുന്നു. ഞായറാഴ്ച ശേഖരിക്കുന്ന തുക എത്ര യുംവേഗം 'സഹൃദയ'യ്ക്കു കൈമാറാൻ വികാരിയച്ചന്മാർ ശ്രദ്ധി ക്കുമല്ലോ.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ് ബോസ്കോ പുത്തൂർ**
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ
എറണാകുളം-അങ്കമാലി അതിരൂപത

............................................
ഈ സർക്കുലർ 2024 ആഗസ്റ്റ് 4-ാം തീയതി ഞായറാഴ്ച അതിരൂപത യിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

---

Prot. No. 0715/2024

# സർക്കുലർ

## അഞ്ചാമതു മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി

സീറോമലബാർസഭയുടെ
മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ
തന്റെ സഹശുശ്രൂഷകരായ
മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും
വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക്
ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ സഭയുടെ അഞ്ചാമതു മേജർ ആർക്കിഎപ്പിസ്കോപ്പൽ അസം ബ്ലിയെക്കുറിച്ച് അറിയിക്കുന്നതിനാണ് ഇപ്പോൾ നിങ്ങൾക്ക് എഴുതു

ന്നത്. മേജർ ആർച്ചുബിഷപ്പ് അധ്യക്ഷനായുള്ള സഭ മുഴുവന്റെയും ആലോചനായോഗമാണു മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി അഥവാ സഭായോഗം. സഭയിലെ മെത്രാൻമാരുടെയും, പുരോഹിത, സമർപ്പിത, അല്മായ പ്രതിനിധികളുടെയും സംയുക്തയോഗമാണിത്.

മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭ ഒരു വലിയ കൂട്ടായ്മയാണ് എന്ന യാഥാർഥ്യമാണു സഭായോഗത്തിന്റെ അടിസ്ഥാനം. അസംബ്ലിയുടെ ദൗത്യത്തെപ്പറ്റി പൗരസ്ത്യസഭകൾക്കായുള്ള കാനൻനിയമം കൃത്യമായി പ്രതിപാദിക്കുന്നുണ്ട്. സഭയിൽ പ്രധാനപ്പെട്ട കാര്യങ്ങൾ തീരുമാനിക്കേണ്ടിവരുമ്പോൾ മേജർ ആർച്ചുബിഷപ്പിനെയും മെത്രാൻസിനഡിനെയും സഹായിക്കാൻവേണ്ടിയുള്ള ആലോചനായോഗമാണിത്. കാലോചിതമായ വിഷയങ്ങൾ ചർച്ചചെയ്യുകയും സഭയുടെയും സമൂഹത്തിന്റെയും പൊതുനന്മ കണക്കിലെടുത്തു കർമപരിപാടികൾ രൂപീകരിക്കുന്നതിനു മെത്രാൻസിനഡിനെ സഹായിക്കുകയും ചെയ്യുക എന്നതാണ് അസംബ്ലിയുടെ ദൗത്യം.

അഞ്ചുവർഷത്തിൽ ഒരിക്കൽ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി വിളിച്ചുചേർക്കണമെന്നതാണു സഭാനിയമം. നമ്മുടെ സഭ 1992ൽ മേജർ ആർക്കിഎപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ടതിനുശേഷം ആദ്യത്തെ അസംബ്ലി നടക്കുന്നത് 1998 ലാണ്. പിന്നീടു, 2004, 2010, 2016 എന്നീ വർഷങ്ങളിലും ഈ സഭായോഗം കൂടുകയുണ്ടായി. 2016നു ശേഷം എട്ടു വർഷങ്ങൾ പിന്നിടുമ്പോഴാണ് 2024 ൽ അഞ്ചാമത്തെ അസംബ്ലി നടക്കുന്നത്. കോവിഡു മഹാമാരിയുടെ പശ്ചാത്തലത്തിൽ നിലനിന്നിരുന്ന അനിശ്ചിതത്വമാണ് 2021ൽ നടക്കേണ്ടിയിരുന്ന അസംബ്ലി ഇത്രയും വൈകാൻ കാരണമായത്.

പാലാ രൂപതയാണ് ഇത്തവണത്തെ അസംബ്ലിയുടെ ആതിഥേയർ. പാലായിലെ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ 2024 ആഗസ്റ്റ് 22 വ്യാഴാഴ്ച വൈകുന്നേരം ആരംഭിച്ചു 25 ഞായറാഴ്ച ഉച്ചയോടെ സമാപിക്കുന്ന രീതിയിലാണ് അസംബ്ലി ക്രമീകരിച്ചിരിക്കുന്നത്. അസംബ്ലിയുടെ വിജയകരമായ നടത്തിപ്പിനുവേണ്ട ക്രമീകരണങ്ങൾ അസംബ്ലി കമ്മിറ്റി കൺവീനർ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെയും പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവിന്റെയും നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ ചെയ്തുകൊണ്ടിരിക്കുന്നു.

മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയിൽ ആരൊക്കെയാണു പങ്കെടുക്കേണ്ടത് എന്നതു സഭാനിയമം നിശ്ചയിച്ചിട്ടുണ്ട്. രൂപതകളിൽനിന്നും സമർപ്പിതസമൂഹങ്ങളിൽനിന്നുമുള്ള പ്രതിനിധികളാണ് അസംബ്ലി അംഗങ്ങൾ. രൂപതകളുടെയും സമർപ്പിതസമൂഹങ്ങളുടെയും എണ്ണം വർധിച്ചുവന്നപ്പോൾ അസംബ്ലിയിൽ പങ്കെടുക്കുന്നവരുടെ എണ്ണവും ആനുപാതികമായി ഉയർന്നു. 2016 ൽ 488 പേരാണ് പങ്കെടുത്തത്. അതിന് പുറമേയായായിരുന്നു കമ്മിറ്റി അംഗങ്ങളും മറ്റു ശുശ്രൂഷകരും. അസംബ്ലിയുടെ നടത്തിപ്പിന്റെ പ്രായോഗികതലങ്ങൾ പരിഗണിച്ചും എല്ലാവരുടെയും ആശയങ്ങൾ ഫലപ്രദമായി അവതരിപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കുന്നതിനുംവേണ്ടി പങ്കെടുക്കേണ്ടവരുടെ എണ്ണംകുറയ്ക്കാൻ മെത്രാൻസിനഡു തീരുമാനിച്ചു. അതിൻപ്രകാരം, പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തോടെ അസംബ്ലിയിൽ പങ്കെടുക്കുന്നവരെക്കുറിച്ചുള്ള ഭേദഗതി വരുത്തിയ സഭയുടെ പ്രത്യേകനിയമം ഒരു കല്പ്പനവഴി 2024 മാർച്ച് 25നു പ്രാബല്യത്തിൽ വരുത്തിയിരുന്നു. ഈ പുതിയ നിയമമനുസരിച്ച് 80 വയസിൽ താഴെയുള്ള മെത്രാന്മാരും വൈദിക സമർപ്പിത അല്മായ പ്രതിനിധികളുമടങ്ങിയ 360 അംഗങ്ങളാണ് ഇത്തവണ പങ്കെടുക്കുന്നത്.

അഞ്ചാമത്തെ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ പ്രമേയം, 'കാലാനുസൃതമായ സഭാജീവിതവും ദൗത്യവും സീറോമലബാർസഭയിൽ' എന്നുള്ളതാണ്. ഇതിനെ അടിസ്ഥാനപ്പെടുത്തി, വിശ്വാസരൂപീകരണത്തിന്റെ നവീകരണം, സുവിശേഷപ്രഘോഷണത്തിലെ അല്മായപങ്കാളിത്തം, സീറോമലബാർസമുദായ ശക്തീകരണം എന്നീ മൂന്നു വിഷയങ്ങൾ അസംബ്ലിയുടെ പ്രത്യേക വിചിന്തനത്തിനു വിഷയമാകും.

പ്രിയപ്പെട്ടവരേ, പ്രാർഥനയുടെയും വിചിന്തനത്തിന്റെയും ആത്മാവിൽ ഐക്യപ്പെട്ടു കൊണ്ടും ദൈവം സഭയ്ക്കും സഭയിലൂടെയും ചെയ്ത മഹത്തായ കാര്യങ്ങൾ പ്രഘോഷിക്കുകയും ആഘോഷിക്കുകയും ചെയ്തുകൊണ്ടും സീറോമലബാർസഭയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ വഴികാട്ടിയായി നില്ക്കേണ്ട കാഴ്ചപ്പാടുകളും ആദർശങ്ങളും രൂപീകരിക്കാനാണ് അസംബ്ലി ശ്രമിക്കുന്നത്. ഇതിൽ പങ്കെടുക്കുന്ന എല്ലാവരും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടാനും പൊതുനന്മ ലക്ഷ്യമാക്കി ആശയങ്ങൾ പങ്കുവയ്ക്കാനും ദൈവമഹത്വത്തിനും സഭയുടെ

വളർച്ചയ്ക്കും ഉപകരിക്കുന്ന ആശയരൂപീകരണം സാധ്യമാകുന്നതിനുംവേണ്ടി സഭ മുഴുവനും ഒരു മനസ്സോടെ പ്രാർഥിക്കണമെന്നു ഞാൻ സ്നേഹത്തോടെ അഭ്യർഥിക്കുന്നു. ഇതോടൊപ്പം നല്കുന്ന കാറോസൂസ ആഗസ്റ്റ് 4 മുതൽ എല്ലാ വിശുദ്ധ കുർബാനയിലും ചൊല്ലേണ്ടതാണ്.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കാര്യാലയത്തിൽനിന്നു 2024-ാം ആണ്ടു ജൂലൈ മാസം 24-ാം തീയതി നല്കപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

---

1. ഈ സർക്കുലർ 2024 ആഗസ്റ്റ് 4-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവകദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലന കേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

2. ആഗസ്റ്റ് 4 മുതൽ എല്ലാ വിശുദ്ധ കുർബാനയിലും ചൊല്ലേണ്ട കാറോസൂസ:

ശുശ്രൂ: അഞ്ചാമതു മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ളിക്കായി ഒരുങ്ങുന്ന സീറോമലബാർസഭയെയും പ്രത്യേകമായി അസംബ്ളിയിൽ പങ്കെടുക്കുന്ന എല്ലാവരെയും സമർപ്പിക്കുന്നു. 'കാലാനുസൃതമായ സഭാജീവിതവും ദൗത്യവും' എന്ന വിഷയം വിചിന്തനം ചെയ്ത്, കാലത്തിന്റെ അടയാളങ്ങൾ വിവേചിച്ചറിഞ്ഞു, സ്നേഹത്തിൽ ഒന്നായി മുന്നോട്ടുപോകുന്ന സഭാസമൂഹമാകാൻ സഹായിക്കുന്ന കാഴ്ചപ്പാടുകൾ രൂപീകരിക്കാൻ പരിശുദ്ധാത്മാവിന്റെ പ്രത്യേക സാന്നിധ്യം നല്കി അസംബ്ലിയെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

Ref. No. 6/2024 01 July 2024

# അറിയിപ്പ്

സീറോമലബാർസഭയുടെ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിലും എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക അഡ്മിനിസ്ട്രേറ്റർ മാർ ബോസ്കോ പുത്തൂരും ചേർന്ന് 2024 ജൂൺ 9നു നല്കിയ സർക്കുലറിനെ (4 /2024) തുടർന്ന്, 2024 ജൂൺ 21നു നല്കിയ സിനഡനന്തര അറിയിപ്പിലെ (Ref. No. 5/2024) നമ്പർ 2 നിർദ്ദേശത്തിനു നല്കുന്ന വിശദീകരണം:

1. 2024 ജൂലൈ 3 മുതൽ എറണാകുളം-അങ്കമാലി അതിരൂപതയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും സിനഡ് തീരുമാനിച്ച ഏകീകൃത രീതിയിൽ ഒരു കുർബാനയെങ്കിലും അർപ്പിക്കേണ്ടതാണ്.

2. ഇപ്രകാരം, ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും സിനഡ് തീരുമാനിച്ച ഏകീകൃതരീതിയിൽ ഒരു കുർബാനയെങ്കിലും അർപ്പിക്കുന്ന ദൈവാലയങ്ങളിൽ ഇപ്പോൾ നിലവിലുള്ള രീതി തുടരാവുന്നതാണ്.

3. ഈ കാര്യത്തിൽ സിനഡ് തീരുമാനമെടുക്കുന്നതിനുമുൻപ് അതിരൂപതയിലെ കാനോനികസമിതികളുമായി (ആലോചനാസമിതി, പ്രസ്ബിറ്ററൽ കൗൺസിൽ, പാസ്റ്ററൽ കൗൺസിൽ) ചർച്ചനടത്തുന്നതാണ്.

മേൽപറഞ്ഞകാര്യങ്ങൾ അതിരൂപതയിൽ നടപ്പിലാക്കുന്നതിനനുസൃതമായി അതിരൂപതയിലെ എല്ലാ കാനോനികസമിതികളുടെ രൂപീകരണവും അതിരൂപതയിലെ ഡീക്കന്മാരുടെ തിരുപ്പട്ടവും പരിശുദ്ധ സിംഹാസനത്തിന്റെ അനുവാദത്തോടെ നടത്തുന്നതാണ്.

**+ റാഫേൽ തട്ടിൽ**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്
എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്ത

**+ ബോസ്കോ പുത്തൂർ**
എറണാകുളം-അങ്കമാലി അതിരൂപതയുടെ
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ

No: 4033/K-5/KCBC/OL/DS 15.07.2024

# തടവറ ശുശ്രൂഷാഞായർ
## 11 ആഗസ്റ്റ് 2024
## തടവുകാർ നമ്മുടെ സ്നേഹിതർ

കർത്താവായ മിശിഹായിൽ പ്രിയ സഹോദരിസഹോദരന്മാരേ,

ആഗസ്റ്റ് മാസത്തിലെ രണ്ടാം ഞായറാഴ്ചയാണ് തടവറ ശുശ്രൂഷാഞായറായി ആചരിക്കപ്പെടുന്നത്. വിശുദ്ധ മാക്സ്മില്യൻ കോൾബേയുടെ (1894-1941) തിരുനാൾ ആഗസ്റ്റ് പതിനാലാം തീയതി ആഘോഷിക്കപ്പെടുന്നതിന്റെ പശ്ചാത്തലത്തിലാണിത്. വി. മാക്സ്മില്യൻ കോൾബേ തടവറയിൽ ആയിരിക്കുന്നവരുടെയും തടവറ പ്രേഷിതത്വത്തിന്റെയും മധ്യസ്ഥനാണ്. “ഇനി ഞാൻ നിങ്ങളെ ദാസന്മാർ എന്നു വിളിക്കുകയില്ല. കാരണം, യജമാനൻ ചെയ്യുന്നതെന്തെന്ന് ദാസൻ അറിയുന്നില്ല. എന്നാൽ, ഞാൻ നിങ്ങളെ സ്നേഹിതന്മാർ എന്നു വിളിച്ചു. എന്തെന്നാൽ, എന്റെ പിതാവിൽനിന്നു കേട്ടതെല്ലാം നിങ്ങളെ ഞാൻ അറിയിച്ചു” (യോഹ 15:15). തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ ഈശോ തന്റെ തെരഞ്ഞെടുക്കപ്പെട്ടവരെ സ്നേഹിതന്മാർ എന്നാണ് വിളിച്ചത്. ആരായിരുന്നു ഈ തെരഞ്ഞെടുക്കപ്പെട്ടവർ? അവർ തികച്ചും സാധാരണക്കാരും ബലഹീനരും പ്രലോഭനങ്ങളിൽ ഇടറിവീണവരുമായിരുന്നു! പിന്നീട് തന്നെ നിഷേധിച്ചുപറയും എന്നു താൻ അറിഞ്ഞിരുന്ന പത്രോസിനെയും ഒറ്റുകാരനായിരുന്ന യൂദാസിനെയും ചുങ്കക്കാരനായ മത്തായിയെയും യേശു സ്നേഹിതൻ എന്ന് വിളിച്ചു. കുറവുകളുള്ള ആ മനുഷ്യരെയെല്ലാം ക്രിസ്തു സ്നേഹിതരെന്നു വിളിച്ചെങ്കിൽ തടവുപുള്ളികളെയും അവിടന്ന് അപ്രകാരം വിളിക്കില്ലേ? യേശുവിനെ അനുഗമിക്കുന്നവരായ നമുക്കും തടവറയുടെ മക്കൾ സ്നേഹിതരാകേണ്ടവരാണ്.

### തടവറ ശുശ്രൂഷാഞായർ

തടവറ പ്രേഷിതഞായർ ആചരിക്കുന്ന ഈ വേളയിൽ തടവുകാരെ നമുക്ക് നമ്മുടെ സ്നേഹിതരായി കണക്കാക്കുകയും അവരുടെ സമഗ്ര മാനുഷിക വളർച്ചയ്ക്കായി പ്രവർത്തിക്കുകയും ചെയ്യാം. *ഭാരതത്തിലെ തടവറപ്രേഷിത ശുശ്രൂഷ* (Prison Ministry India) ഒരു ആധ്യാത്മിക

പ്രസ്ഥാനമാണ്. അത് തടവുപുള്ളികളുടെയും അവരുടെ ഇരകളുടെയും മോചനത്തിനും നവീകരണത്തിനും പുനരധിവാസത്തിനും വേണ്ടി പ്രവർത്തിച്ചുവരുന്നു. ജീസ്സസ് ഫ്രട്ടേണിറ്റി (യേശു സാഹോദര്യം) എന്നാണ് ഇത് കേരളത്തിൽ അറിയപ്പെടുന്നത്. തൊഴിൽ പദ്ധതികൾ, തടവറയിൽ ആയിരിക്കുന്നവർക്കും അവരുടെ മക്കൾക്കുംവേണ്ടിയുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, തടവറയിൽ ആയിരിക്കുന്നവരുടെ മോചനത്തിനുള്ള നിയമസഹായങ്ങൾ, വിവാഹത്തിനും കുടുംബങ്ങളുടെ ദൈനംദിനകാര്യങ്ങൾക്കും വേണ്ട സഹായങ്ങൾ, ഭവന നിർമാണ പദ്ധതി എന്നിവ ജീസ്സസ് ഫ്രട്ടേണിറ്റി നടത്തിവരുന്നു. ജയിൽ മോചിതരായ പുരുഷന്മാർക്കുവേണ്ടി തൃശൂർ ജില്ലയിൽ വെട്ടുകാട് എന്ന സ്ഥലത്തും സ്ത്രീകൾക്കുവേണ്ടി തിരുവനന്തപുരം, മൺവിളയിലും പുനരധിവാസകേന്ദ്രനങ്ങൾ സ്നേഹാശ്രമം എന്ന പേരിൽ ജീസ്സസ് ഫ്രട്ടേണിറ്റി നടത്തുന്നുണ്ട്. തടവറയിൽ ആയിരിക്കുന്നവരുടെ മക്കൾക്കുവേണ്ടിയും ജീസ്സസ് ഫ്രട്ടേണിറ്റിയുടെ ഭവനങ്ങളുണ്ട്. അതീവ സുരക്ഷാസംവിധാനങ്ങളുള്ള ജയിലറകളിലെ അതിക്രൂരരായ ജയിൽ പുള്ളികൾ പ്രത്യാശയുടെ സന്ദേശവാഹകരായി മാറിയ സംഭവങ്ങളുണ്ട്. യേശു സാഹോദര്യത്തിന്റെ പ്രവർത്തനം വഴിയായി, കർത്താവ് നല്ല കള്ളനു നല്കിയതുപോലെ, ഇന്നും അനേകർക്ക് വിമോചനം ലഭിക്കുന്നു. നമുക്കും ഈ മഹത്തായ ശുശ്രൂഷയിൽ ആത്മാർഥമായി പങ്കുകാരാകാം.

ദൈവം പാപിയെ സ്നേഹിക്കുന്നു; എന്നാൽ പാപത്തെ വെറുക്കുന്നു. ദൈവപുത്രൻ ഈ ലോകത്തിലേക്ക് വന്നത് എല്ലാവരെയും രക്ഷിക്കാനാണ്. ചുങ്കക്കാരനായ മത്തായിയെ യേശു വിളിച്ചു; കാരണം, ഈ പാപിക്ക് ഒരു ഭാവിദൗത്യമുണ്ടെന്ന് യേശുവിന് അറിയാമായിരുന്നു. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീക്ക് ഈശോ മാപ്പു നല്കുകയും അവളെ ആശിർവദിക്കുകയും ചെയ്തു. കാരണം, അവൾക്കും നന്മനിറഞ്ഞ ഒരു ഭാവി ഉണ്ടെന്ന് അവിടുന്ന് അറിഞ്ഞിരുന്നു. എല്ലാ വിശുദ്ധർക്കും ഒരു ഭൂതകാലവും എല്ലാ പാപികൾക്കും ഒരു ഭാവികാലവും ഉണ്ട്. ഫ്രാൻസീസ് മാർപാപ്പാ എഴുതുന്നു: "നമ്മോടു ക്ഷമിക്കുന്നതിൽ ദൈവം ഒരിക്കലും ക്ഷീണിതനാകുന്നില്ല. അവിടുത്തെ കാരുണ്യം തേടുന്നതിൽ ക്ഷീണിതരാകുന്നത് നമ്മളാണ്" (EG. 3). ദൈവം നമ്മോടു ക്ഷമിക്കുകയും നമ്മെ നവീകരിക്കുകയും പുനഃപ്രതിഷ്ഠിക്കുകയും ചെയ്യുന്നു. ജയിലറകൾ വലിയ കുറ്റവാളികളും കൊലപാതകികളും

തസ്കരന്മാരും വസിക്കുന്ന ഇടമാണെങ്കിലും അവിടേയ്ക്കും ദൈവ കൃപയുടെ പ്രവാഹമുണ്ട്. പാപം വർധിച്ചിടത്ത് കൃപ അതിലേറെ വർധിച്ചു' (റോമാ 5:20). എന്ന തിരുവചനചിന്ത പ്രത്യാശാഭരിതമാണ്.

## തടവറകളിലെ സ്ഥിതിവിവരകണക്ക്

2022 ഡിസംബർ 31-ാം തീയതി National Crime Record Bureau പ്രസിദ്ധീകരിച്ച ഏറ്റവും പുതിയ കണക്കനുസരിച്ച് ഇന്ത്യയിലെ 1330 ജയിലുകളിലായി 5,73,220 തടവുകാർ ഉണ്ട്. അവയിൽ 4,34,302 പേർ വിചാരണത്തടവുകാരാണ്; അവർ ഇനിയും വിധികൂടാതെ തടവറ കളിൽ പാർപ്പിക്കപ്പെട്ടവരാണ്. ഇതിൽ 23,772 പേർ സ്ത്രീകളാണ്; 1537 പേർ കുട്ടികൾകൂടെയുള്ള അമ്മമാരാണ്. 544 പേർ വധശിക്ഷ പ്രതീ ക്ഷിച്ച് കഴിയുന്നവരാണ്; 6283 പേർ വിദേശിയരുമാണ്. തടവുകാരിൽ ഏതാണ്ട് 10% എങ്കിലും കുറ്റം ചെയ്യാത്തവരെന്നു കരുതപ്പെടുന്നു. ആഗോളതലത്തിൽ 1.3 കോടി തടവുകാരുണ്ട്. തടവറയിലുള്ള നമ്മുടെ സഹോദരരെ സന്ദർശിച്ച് അവർക്ക് ആത്മീയവും ഭൗതികവുമായ സഹായം ചെയ്തുകൊടുക്കുക എന്നത് ക്രിസ്തീയ ആദ്ധ്യാത്മികത യുടെ ഭാഗമാണ്. എന്തെന്നാൽ ഈശോ പറഞ്ഞു, "ഞാൻ കാരാഗൃഹ ത്തിലായിരുന്നു; നിങ്ങൾ എന്റെയടുത്തുവന്നു" (മത്താ 25:36).

## തടവറയ്ക്കുള്ളിലെ ഈശോയുടെ സ്നേഹിതർ

അഴികൾക്കുള്ളിൽ കഴിയുന്ന നമ്മുടെ എല്ലാ സഹോദരങ്ങളും വലിയ ഭീതിയിലും ആശങ്കയിലുമാണ് ജീവിക്കുന്നത്. നാളെ എന്ത് സംഭവിക്കും എന്ന ചിന്ത അവരുടെ ഉള്ളിലെ ശക്തി മുഴുവനും ചോർത്തിക്കളയുന്നു. നമ്മൾ അവരെ സന്ദർശിക്കുമ്പോഴെല്ലാം അവർ അഭ്യർഥിക്കുന്നത്, തങ്ങൾക്കും തങ്ങളുടെ കുടുംബങ്ങൾക്കുംവേണ്ടി പ്രാർഥിക്കണമേയെ ന്നാണ്. "നാളെ എന്റെ കേസിന്റെ വിചാരണയാണ്", "ജാമ്യാപേക്ഷ പരിഗണിക്കാനിരിക്കുകയാണ്", "എന്റെ മകളുടെ വിവാഹമാണ്" എന്നി ങ്ങനെ പോകുന്നു അവരുടെ നിയോഗങ്ങൾ. വേദനയുടെയും കണ്ണീരി ന്റെയും ആത്മസംഘർഷത്തിന്റെയും സഹനത്തിന്റെയും ഇടമാണ് തടവറ. ഒരു ദിവസം അവരുടെ കണ്ണുനീർ കൃപയുടെ നീർച്ചാലായി മാറാൻ സാധ്യതയുണ്ട്. ഫരിസേയന്റെ ഭവനത്തിലേക്ക് കടന്നുവന്ന സ്ത്രീ മറ്റു മനുഷ്യരുടെ കണ്ണുകളിൽ ഒരു പാപിനിയായിരുന്നു; എന്നാൽ, ദൈവപുത്രിയായി പരിണമിച്ചു കൊണ്ടിരുന്നവളെയാണ് യേശു അവളിൽ കണ്ടത്. അവൾ യേശുവിന്റെ സ്നേഹിതയായി മാറുക

യായിരുന്നു. അതുപോലെതന്നെയാണ് തടവറയിലുള്ള നമ്മുടെ സഹോദരരും.

**പ്രേഷിത മാർഗങ്ങൾ**

പ്രിയപ്പെട്ടവരേ, തടവറയിൽ കഴിയുന്നവരെ നമുക്ക് മൂന്ന് രീതിയിൽ സഹായിക്കാനാകും. **1. പ്രാർത്ഥനയിലൂടെ:** ജയിലിലായിരിക്കുന്നവരുടെ നവീകരണത്തിനും പുനരധിവാസത്തിനുംവേണ്ടി നമുക്ക് ത്യാഗമനുഷ്ഠിച്ച് പ്രാർഥിക്കാം. **2. സന്നദ്ധസേവനത്തിലൂടെ:** മുറിവേറ്റവരും തിരസ്കരിക്കപ്പെട്ടവരും നഷ്ടപ്പെട്ടവരുമായവരെ ജീസസ്സ് ഫ്രട്ടേണിറ്റിയോട് ചേർന്നു ശുശ്രൂഷിക്കാനുള്ള നിങ്ങളുടെ താത്പര്യം വിളിക്കുള്ളിലെ ഒരു വിളിയാണ് (a call within a call). ഒരു സാധാരണക്കാരനുപോലും അഴികൾക്കു പിന്നിലുള്ള സഹോദരങ്ങൾക്കുവേണ്ടി ചെറിയ കാര്യങ്ങൾ വലിയ സ്നേഹത്തോടെ ചെയ്യാനാകും. **3. സാമ്പത്തിക സഹായത്തിലൂടെ:** തടവറയിലായിരിക്കുന്നവരുടെ നവീകരണത്തിനും പുനരധിവാസത്തിനും വേണ്ടിയുള്ള സാമ്പത്തിക സഹായം ഏറെ പ്രശംസാർഹമാണ്. തടവറ ശുശ്രൂഷയുടെ ഒരടിസ്ഥാനതത്ത്വം അപരനുവേണ്ടിയുള്ള യാചനയാണ്. ഇത് ഒരനുഗ്രഹമായാണ് നമ്മൾ കരുതുന്നത്. കാരണം, നാം യാചിക്കുന്നത് മറ്റുള്ളവർക്കുവേണ്ടിയാണ്; നിസ്സഹായരായ തടവറമക്കൾക്ക് മെച്ചപ്പെട്ട ഭാവി ഉണ്ടാവുക എന്ന ലക്ഷ്യത്തോടെയാണ് നാം സുമനസ്സുകളുടെ സഹായം തേടുന്നത്. അവരുടെ ജീവിതത്തിന് മാഹാത്മ്യം ലഭിക്കാനുതകുന്ന ഈ വിനീതശ്രമങ്ങൾ ഏറെ ശ്ലാഘനീയമാണ്.

ഉദാരമായ സംഭാവനകൾ നൽകി സഹായിക്കുന്ന എല്ലാ രൂപതകളോടും സന്യാസസമൂഹങ്ങളോടും വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ഗുണകാംക്ഷികളോടും ഞങ്ങൾ ഹൃദയപൂർവം നന്ദി പറയുന്നു. നഷ്ടപ്പെട്ടവരെ തേടിവന്ന മിശിഹാ നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കും. ജീസസ്സ് ഫ്രട്ടേണിറ്റിയിലെ സന്നദ്ധസേവകരുടെ അകമഴിഞ്ഞ അധ്വാനത്തെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നു. നമ്മുടെ മാതാവായ കന്യകമറിയവും പ്രത്യേക മധ്യസ്ഥനായ വിശുദ്ധ മാക്സ്മില്യൻ കോൾബേയും നമുക്കായി പ്രാർത്ഥിക്കുകയും നമ്മുടെ ശുശ്രൂഷകൾക്ക് ശക്തി പകരുകയും ചെയ്യട്ടെ.

കർത്താവായ ക്രിസ്തുവിൽ സ്നേഹപൂർവ്വം,

**ബിഷപ് മാർ ജോസ് പുളിക്കൽ**
(ചെയർപേഴ്സൺ, പ്രിസൺ മിനിസ്ട്രി, ഇന്ത്യ
ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ് തോമസ് മാർ കൂറിലോസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ് തോമസ് ജെ. നെറ്റോ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

N.B: 2024 ആഗസ്റ്റ് 11-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുമല്ലോ.

## വിശ്വാസികളുടെ പ്രാർത്ഥന

**കാർമികൻ**: പ്രിയ സഹോദരീസഹോദരന്മാരേ, ഈശോ പാപികളോടും ദരിദ്രരോടും വലിയ അനുകമ്പയാണ് കാണിച്ചത്. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് മറ്റുള്ളവരോട് അനുകമ്പ കാണിക്കാൻ നമ്മെ പ്രാപ്തരാക്കണമെന്ന് നമുക്കിപ്പോൾ കർത്താവിനോട് പ്രാർത്ഥിക്കാം.

**പ്രത്യുത്തരം: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

ആഗോളസഭയ്ക്കുവേണ്ടി നമുക്ക് പ്രാർഥിക്കാം. തടവറകളിൽ കഴിയുന്നവരിൽ കർത്താവിന്റെ ഛായയും സാദൃശ്യവും വീണ്ടെടുക്കാൻ തക്കവണ്ണം അവിടത്തെ സ്നേഹത്തിന്റെ ഉപകരണങ്ങളാക്കി മാർപാപ്പയെയും മെത്രാന്മാരെയും വൈദികരെയും സന്യസ്തരെയും മാറ്റണമെന്ന് നമുക്ക് കർത്താവിനോട് പ്രാർഥിക്കാം.

കർത്താവേ, നിഷ്കളങ്കനായ തടുവകാരൻ എന്ന നിലയിൽ അങ്ങ് തടവുകാരുടെ അവസ്ഥ അനുഭവിച്ചുവല്ലോ. തടവറയിൽ ആയിരിക്കുന്ന, മാനസികവും ശാരീരികവുമായ അസ്വസ്ഥതകൾ അനുഭവിക്കുന്ന സഹോദരീസഹോദരന്മാരെ അങ്ങയുടെ മുമ്പിൽ ഞങ്ങൾ കൊണ്ടുവരുന്നു. അവരുടെമേലും അവരുടെ കുടുംബങ്ങളുടെമേലും അങ്ങയുടെ കൃപാകടാക്ഷം ചൊരിയണമേ. ജയിൽ അധികൃതർ ദയയോടും ശാന്തതയോടും സ്നേഹത്തോടുംകൂടി അന്തേവാസികളോടു പെരുമാറാൻ അവരെ അനുഗ്രഹിക്കണമേ.

തങ്ങളുടെ സമയവും കഴിവുകളും എളിയവരും നഷ്ടപ്പെട്ടവരുമായവർക്കുവേണ്ടി ചെലവഴിക്കുന്ന *ഭാരത തടവറ ശുശ്രൂഷ*യുടെ സന്നദ്ധസേവകരുടെമേൽ അങ്ങയുടെ അനുഗ്രഹങ്ങൾ ചൊരിയണമേ. നല്ല ഇടയനായ യേശുവേ അങ്ങയുടെ നിയന്ത്രണവും സംരക്ഷണവും എപ്പോഴും അവരോടുകൂടെ ഉണ്ടാകണമേ.

തെറ്റായി കുറ്റമാരോപിക്കപ്പെടുകയും അങ്ങനെ തടവറയിൽ വസിക്കുകയും ചെയ്യുന്ന സഹോദരർക്കുവേണ്ടി ഞങ്ങൾ പ്രാർഥിക്കുന്നു. അവർ തീവ്രദുഃഖത്തിലും കൈയ്പ്പുനിറഞ്ഞ അനുഭവത്തിലും ആണെന്ന് അങ്ങ് അറിയുന്നല്ലോ. കരുണാവാരിധിയായ ദൈവമേ, അവരുടെ സഹനങ്ങൾ ദൈവകൃപയിൽ ആശ്രയിച്ച് സ്വീകരിക്കാനും എത്രയുംവേഗം അവർ മോചിതരാകുവാനുമുള്ള വഴി തുറന്നുകിട്ടുവാൻ ഇടയാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**കാർമികൻ:** സ്നേഹപിതാവേ, അങ്ങയുടെപക്കൽ അങ്ങയുടെ മക്കൾ അണയുമ്പോൾ അങ്ങ് അതീവ സന്തുഷ്ടനാണല്ലോ. അങ്ങയുടെ മുറിവുണക്കുന്ന കരംനീട്ടി തടവറകൾക്കുള്ളിലെ സഹോദരരെ സ്പർശിച്ച് അവർ ഒരു നവജീവിതം നയിക്കാൻ ഇടവരുത്തണമേ. കർത്താവായ ക്രിസ്തുവഴി ഈ പ്രാർഥന കേട്ടരുളേണമേ. ആമേൻ.

No: 4034/K-5/KCBC/OL/DS 16.07.2024

# ജസ്റ്റിസ് സൺഡേ (നീതിഞായർ)

## 2024 ആഗസ്റ്റ് 18

### കെ.സി.ബി.സി. എസ്.സി./എസ്.റ്റി./ബി.സി. കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ക്രിസ്തുവിൽ ഏറ്റവും പ്രിയ ബഹു. വൈദികരേ, പ്രിയ സിസ്റ്റേഴ്സ്, സഹോദരീ സഹോദരന്മാരേ,

ഭാരതം സ്വതന്ത്രയായിട്ട് 77 വർഷം തികയുകയാണ്. മതേതര ജനാധിപത്യരാജ്യം ആയ നമ്മുടെ ഭാരതത്തിൽ ജാതിയുടെയും മതത്തിന്റെയും പേരിൽ വിവേചനം അനുഭവിക്കുന്ന ക്രിസ്തുമത വിശ്വാസികളായ ദളിത് ക്രൈസ്തവരുടെ അവസ്ഥ മുൻകാലങ്ങളേക്കാൾ വളരെ ദയനീയമാണ്. ജാതിയുടെയോ മതത്തിന്റെയോ പേരിൽ ഒരു പൗരന്റെയും അവകാശങ്ങൾ നിഷേധിക്കാൻ പാടില്ല എന്ന് ഭരണഘടന ആർട്ടിക്കിൾ 25 വ്യക്തമാക്കുമ്പോൾ കഴിഞ്ഞ 76 വർഷമായി സ്വന്തം രാജ്യത്ത് ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെട്ട് കഴിയുന്നവരാണ് നമ്മുടെ സഹോദരന്മാരായ ദളിത് ക്രൈസ്തവർ. ക്രിസ്തുമതം സ്വീകരിച്ചു എന്ന ഒറ്റ കാരണത്താലാണ് പട്ടികജാതി സംവരണം നിഷേധിക്കപ്പെട്ടത്.

1950 ആഗസ്റ്റ് 10ന് ഇന്ത്യൻ പ്രസിഡണ്ട് ഇറക്കിയ പ്രത്യേക ഉത്തരവിന്റെ മൂന്നാം ഖണ്ഡികയിലാണ് ഈ അവകാശനിഷേധം. ഹിന്ദുമത വിശ്വാസികളായ ദളിതർക്കു മാത്രമായി പട്ടികജാതി സംവരണം പരിമിതപ്പെടുത്തി. എന്നാൽ 1956ൽ സിക്ക് വിശ്വാസികളെയും 1990ൽ ബുദ്ധമത വിശ്വാസികളായ ദളിതരെയും ഈ പട്ടികയിൽ ഉൾപ്പെടുത്തി. കേന്ദ്ര സംസ്ഥാന സർക്കാരുകൾ പിന്നാക്ക വിഭാഗങ്ങളെകുറിച്ച് പഠിക്കുവാൻ നിയോഗിച്ച കമ്മീഷനുകൾ എല്ലാം പട്ടികജാതിക്കാരെ പോലെ ക്രിസ്തുമതം സ്വീകരിച്ച ദളിതരും പിന്നാക്കമാണ് എന്നും അവരെയും പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ നാളിതുവരെയായി ഈ ആവശ്യം അംഗീകരിച്ചു തന്നിട്ടില്ല. ഇതിലൂടെ ഭരണ പങ്കാളിത്തവും ഉദ്യോഗ, വിദ്യാഭ്യാസ പ്രവേശനവും വിദ്യാഭ്യാസ ആനുകൂല്യവും, നിയമനങ്ങളും ലഭിക്കുന്നില്ല.

ഈ അനീതിക്കെതിരെയാണ് 1986ൽ ഗോവയിൽ കൂടിയ ഭാരത കത്തോലിക്കാ മെത്രാൻ സമിതി [CBCI] ആഗസ്റ്റ് 15 കഴിഞ്ഞ് വരുന്ന ഞായറാഴ്ച നീതി ഞായർ ആയി (ജസ്റ്റിസ് സൺഡേ) ആചരിക്കുവാൻ ആഹ്വാനം ചെയ്തത്. ഭാരതത്തിലെ കത്തോലിക്ക സഭയിൽ രണ്ട് കോടി ജനങ്ങളിൽ ഒന്നരക്കോടി ജനങ്ങളും ദളിത് വിഭാഗത്തിൽ നിന്നും കത്തോലിക്ക വിശ്വാസം സ്വീകരിച്ചവരാണ്.

ഇവർ അനുഭവിക്കുന്ന ഈ നീതി നിഷേധം ക്രൈസ്തവ വിശ്വാസം സ്വീകരിച്ചതുകൊണ്ടു മാത്രമാണ്. അവരുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കുവാൻ അവരോടൊപ്പം പങ്കുചേരുവാനും ഐക്യദാർഢ്യം പ്രകടിപ്പിക്കുവാനും നീതി നിഷേധത്തിനെതിരെ അവർക്കൊപ്പം നിൽക്കുവാനുമാണ് നീതി ഞായർ ആചരിക്കുന്നതിന്റെ ലക്ഷ്യം. നമ്മളോടൊപ്പം ആയിരിക്കുന്ന ഈ സഹോദരന്മാരെ കൈപിടിച്ചുയർത്തേണ്ടതും വളർത്തേണ്ടതും നമ്മുടെ കടമയും കർത്തവ്യവുമാണ്. സ്വന്തമായി കിടപ്പാടം ഇല്ലാത്തവരും വാടകവീടുകളിൽ കഴിയുന്നവരും സ്വന്തമായി ഭവനം ഇല്ലാത്ത അംഗങ്ങളും ഈ സമൂഹത്തിൽ നിരവധിയാണ്. ഒരു ഭവനത്തിൽതന്നെ കൂട്ടുകുടുംബമായി കഴിയുന്നവരുമുണ്ട്. അതുപോലെതന്നെ സ്ഥിരമായ തൊഴിലുകൾ ഇല്ലാത്ത അവസ്ഥ ഈ സമൂഹത്തെ കൂടുതൽ ദുരിതത്തിന് കാരണമായിട്ടുണ്ട്.

കേന്ദ്രസർക്കാർ പട്ടികജാതി സംവരണം നിഷേധിക്കുമ്പോൾ സംസ്ഥാന സർക്കാരുകളും വിവിധ ഉത്തരവുകളിലൂടെ ദളിത് ക്രൈസ്തവരെ പീഡിപ്പിച്ചു കൊണ്ടിരിക്കുന്നു. 1959 മുതൽ ലഭിച്ചുകൊണ്ടിരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഒന്നൊന്നായി നിഷേധിച്ചു കൊണ്ടിരിക്കുന്നു. കമ്മ്യൂണിറ്റി ക്വോട്ടയിലെ പ്രവേശനം ലഭിക്കുകയില്ല എന്നു മാത്രമല്ല ഫീസ് കൊടുത്തു പഠിക്കുകയും ചെയ്യേണ്ട സാഹചര്യം ആണ്. സംസ്ഥാന സർക്കാരിൽ നിന്നും 1% സംവരണം ആണ് ദളിത് ക്രൈസ്തവർക്ക് ലഭിക്കുക. അതിൽ തന്നെ എസ്.ഐ.യു.സി (സൗത്ത് ഇന്ത്യൻ യുണൈറ്റഡ് ക്രിസ്ത്യൻ) വിഭാഗത്തെ കൂടെ ഉൾപ്പെട്ടിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ പ്രവേശനത്തിനും ഇത് തന്നെയാണ് അവസ്ഥ.

കേരള പബ്ലിക് സർവീസ് കമ്മീഷൻ (PSC) മുഖേന നടത്തുന്ന തൊഴിലവസരങ്ങളിൽ ക്ലാസ് Iൽ ഒരു ശതമാനവും (റൊട്ടേഷൻ ലിസ്റ്റിൽ 48) ക്ലാസ് IVൽ രണ്ട് ശതമാനവും (റൊട്ടേഷൻ ലിസ്റ്റിൽ 48 ഉം 62 ഉം) ആണ് ലഭിക്കുന്നത്. ഇങ്ങനെ ലഭിക്കുന്ന നാമമാത്രമായ തൊഴിലവസരങ്ങൾ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് ക്ലാസ് IVൽ 2290 ഒഴി

വുകളും ക്ലാസ്സ് Iൽ 872 ഒഴിവുകളുമാണ് നികത്തപ്പെടുവാനുണ്ട് എന്നാണ് വ്യക്തമാക്കിയിരിക്കുന്നത്.

സഭാ നവീകരണത്തിന്റെ ഭാഗമായി ഈ സമൂഹത്തെ ഉയർത്തുവാനും സ്ഥലമില്ലാത്തവർക്ക് സ്ഥലവും കിടപ്പാടം ഇല്ലാത്തവർക്ക് കിടപ്പാടവും കൂട്ടുകുടുംബവുമായി താമസിക്കുന്ന ഭവനങ്ങളിലെ അംഗങ്ങൾക്ക് ഭവനവും, തൊഴിൽ ഒഴിവുകളും വരുമ്പോൾ അവർക്ക് പ്രത്യേകമായ പരിഗണനയും നൽകി അവരെ ഉയർത്തിക്കൊണ്ടുവരുവാൻ കേരള കത്തോലിക്കാസഭ പ്രത്യേകമായി ശ്രദ്ധിക്കേണ്ടതുമാണ്.

മതം മാറിയതുകൊണ്ടു മാത്രം ഒരു വ്യക്തിയുടെയോ സമുദായത്തിന്റെയോ സാമൂഹികാവസ്ഥ മാറുന്നില്ല. ക്രിസ്തുമതം സ്വീകരിച്ച ദലിത് സഹോദരങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്ന സാമൂഹിക സാഹചര്യങ്ങൾ ഇതര പട്ടികജാതിക്കാരുടേതിൽനിന്നു വിഭിന്നമല്ല. ഭാരതമൊട്ടുക്ക് ദലിത് പീഡനങ്ങളും വിവേചനപരമായ നടപടികളും തുടർക്കഥയായിരിക്കുമ്പോൾ ദലിത് ക്രൈസ്തവർക്ക് ഇരട്ട പ്രഹരമാണ് ഏൽക്കേണ്ടി വരുന്നത്. ഭരണഘടനയനുസരിച്ചുള്ള സംവരണമില്ല. നിയമ സംവിധാനങ്ങളുടെ പരിരക്ഷയുമില്ല. കേരളത്തിൽ പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ വഴി ലഭിക്കുന്ന സഹായങ്ങൾ പോലും നിഷേധിക്കപ്പെടുന്നു. ഈ സാഹചര്യങ്ങൾ നമ്മുടെ പ്രത്യേകശ്രദ്ധ അർഹിക്കുകയും കൂട്ടായ പരിശ്രമം ആവശ്യവുമാണ്.

ദലിത് സഹോദരങ്ങൾക്ക് സഭയ്ക്കുള്ളിൽ അവസരസമത്വവും പ്രത്യേക പരിഗണനയും ആവശ്യമാണ്. 2020 ജൂലൈ 20ന് റോമിൽ നിന്ന് കോൺഗ്രിഗേഷൻ ഫോർ ക്ലർജി പുറപ്പെടുവിച്ച രേഖ (നമ്പർ 32) നിഷ്കർഷിക്കുന്നത് 'ദരിദ്രരും ഒഴിവാക്കപ്പെട്ടവരും പാർശ്വവൽക്കരിക്കപ്പെട്ടവരും ആയവർക്ക് സഭയുടെ ഹൃദയത്തിൽ സവിശേഷമായ ഒരു സ്ഥാനം ഉണ്ടായിരിക്കണം' എന്നാണ്. ഭാരതത്തിലെ സഭാ സംവിധാനങ്ങളിലുള്ള സ്ഥാനങ്ങൾ, നിയമനങ്ങളിലുള്ള പരിഗണന, സാമൂഹിക രാഷ്ട്രീയ രംഗങ്ങളിലുള്ള പങ്കാളിത്തം തുടങ്ങി എല്ലാ മേഖലകളിലും സഭ ദലിത് ക്രൈസ്തവരെ പ്രത്യേകം പരിഗണിച്ച് അവരെ സഹായിക്കുന്നതിന് ഓരോ ഇടവകയും ശ്രദ്ധിക്കണം.

ദലിത് ക്രൈസ്ത വിദ്യാർത്ഥികൾക്ക് (OEC) പ്ലസ്സ് വൺ മുതലുള്ള ഉന്നതവിദ്യാഭ്യാസ പ്രവേശനത്തിന് യാതൊരു സംവരണവും ഇതുവരെ ഏർപ്പെടുത്തിയിട്ടില്ല. കമ്മ്യൂണിറ്റി ക്വോട്ടയിലും, മാനേജ്മെന്റ് ക്വോട്ട

യിലും, അഡ്മിഷൻ കിട്ടി എയ്ഡഡ് സ്ഥാപനങ്ങളിലും സ്വാശ്രയ സ്ഥാപനങ്ങളിലും പഠിക്കുന്ന ദലിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് സ്റ്റൈഫന്റും ലംപ്സം ഗ്രാന്റും കൊടുക്കാൻ പാടില്ല എന്ന ഉത്തരവ് 2023 മാർച്ച് 23ന് കേരള സർക്കാർ ഇറക്കിയിരുന്നു. കേന്ദ്ര ഗവൺമെന്റ് ന്യൂനപക്ഷ വിഭാഗങ്ങൾക്കായി ഏർപ്പെടുത്തിയിരിക്കുന്ന പ്രീമെട്രിക്, പോസ്റ്റുമെട്രിക് സ്കോളർഷിപ്പുകൾ 2011ലെ ഓർഡർ പ്രകാരം ലത്തീൻ കത്തോലിക്കർക്കും പരിവർത്തിത ക്രൈസ്തവർക്കും കൊടുക്കുവാനുള്ള നിർദ്ദേശം ഉണ്ടെങ്കിലും കഴിഞ്ഞ പത്തുവർഷമായി ഒഇസി വിഭാഗത്തിൽപ്പെട്ട ദലിത് ക്രൈസ്തവ കുട്ടികൾക്ക് (പരിവർത്തിത ക്രൈസ്തവ), സർക്കാരിൽ നിന്നും സ്റ്റൈഫന്റ്, ലംപ്സം ഗ്രാന്റ് ലഭിക്കുന്നു എന്ന കാരണത്താൽ ന്യൂനപക്ഷ സ്കോളർഷിപ്പ് ഇതുവരെയും ലഭിച്ചിട്ടില്ല. വിദ്യാഭ്യാസത്തിനും തൊഴിലിനും രാഷ്ട്രീയ അധികാര പങ്കാളിത്തത്തിനും ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന മറ്റൊരു ജനവിഭാഗം ഭാരതത്തിലില്ല. നീതിയും സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവുമുള്ള ഒരു രാജ്യത്തിനായി ആശിക്കാം. അതാകട്ടെ നമ്മുടെ ലക്ഷ്യം.

ദലിത് ക്രൈസ്തവരോടുള്ള ഗവൺമെന്റിന്റെ അനീതിപരമായ നടപടികൾക്കെതിരേ ശക്തമായി പ്രതികരിക്കാൻ ക്രൈസ്തവസഭാ സമൂഹം മുഴുവനും മുന്നോട്ടുവരേണ്ട സമയമാണിത്. വിദ്യാഭ്യാസത്തിനും തൊഴിലിനും രാഷ്ട്രീയ അധികാര പങ്കാളിത്വത്തിനും ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുന്നതിനെതിരേ പ്രതികരിക്കുവാൻ ദളിത് ക്രൈസ്തവരെ ഇന്ത്യൻ പ്രസിഡന്റിന്റെ പ്രത്യേക ഉത്തരവിലൂടെ പട്ടിക ജാതി ലിസ്റ്റിൽ നിന്നും പുറത്താക്കിയ 'ആഗസ്റ്റ് 10 വഞ്ചനാദിന'മായും CBCI യുടെ ആഹ്വാന പ്രകാരം 'ആഗസ്റ്റ് 18 ജസ്റ്റീസ് സൺഡേ' (ഐക്യദാർഢ്യ ദിനമായും) ആചരിക്കാം.

കേരള കത്തോലിക്കാസഭയുടെ ദലിത് ശാക്തീകരണപ്രവർത്തനങ്ങൾ പ്രധാനമായും നടക്കുന്നത് ദലിത് കത്തോലിക്കാ മഹാജനസഭ (DCMS) വഴിയാണ്. ഈ സംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് ഏവരുടെയും സഹായ സഹകരണങ്ങൾ ആവശ്യമാണ്. കഴിഞ്ഞ അധ്യയനവർഷം (2022-2023) എസ്.എസ്.എൽ.സി., (80%), പ്ലസ് ടു (70%), ഡിഗ്രി/ പിജി (60%) തുടങ്ങിയ പരീക്ഷകളിൽ പ്രശസ്ത വിജയ കൈവരിച്ചവർക്കുള്ള കാഷ് അവാർഡ് നൽകി. കെ.സി.ബി.സി, എസ്.സി/എസ്.റ്റി/ബി.സി. കമ്മീഷന്റെ നേതൃത്വത്തിൽ ദലിത്

കത്തോലിക്കാ കുട്ടികൾക്കുവേണ്ടിയുള്ള ടാലന്റ് & സ്കിൽ ഡവലപ്മെന്റ് ട്രെയിനിംഗ് പ്രോഗ്രാം (TSDTP), SSLC കഴിഞ്ഞവർക്കുള്ള എൻട്രൻസ് കോച്ചിംഗ് ക്ലാസ്സുകൾ ആരംഭിച്ചു കഴിഞ്ഞു. കലാപരമായ കഴിവുകൾ കണ്ടെത്തി വളർത്തുന്നതിനുള്ള പരിശീലനം, (സിംഫണി ആർട്സ്) എസ്.എസ്.എൽ.സി., പ്ലസ്ടു, ഡിഗ്രി ക്ലാസ് കഴിഞ്ഞവർക്കുള്ള പി.എസ്.സി. കോച്ചിംഗ് ക്ലാസുകൾ എന്നിവ ഉടനെ ആരംഭിക്കുന്നതാണ്. ദലിത് കത്തോലിക്കാ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി ജസ്റ്റിസ് സൺഡേയോടനുബന്ധിച്ച് ഇടവക ദിനത്തിൽ നടത്താറുള്ള സ്തോത്ര കാഴ്ച ഇടവകകളിൽനിന്നും ശേഖരിച്ച് രൂപതാ കേന്ദ്രങ്ങൾ വഴി കെ.സി.ബി.സി, എസ്.സി./എസ്.റ്റി./ബി.സി. കമ്മീഷന് അയച്ചു തരേണ്ടതാണ്. ജസ്റ്റിസ് സൺഡേദിനത്തിൽ ഇടവകതലത്തിൽ വിവിധ സംഘടനാംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചാക്ലാസുകളും സമ്മേളനവും നടത്തി ജസ്റ്റിസ് സൺഡേ ആചരണം അർത്ഥവത്താക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ്പ് ഗീവർഗീസ് മാർ അപ്രേം**
(ചെയർമാൻ, KCBC SC /ST /BC COMMISSION)

**റൈറ്റ് റവ. ഡോ. വിൻസന്റ് സാമുവൽ**
(വൈസ് ചെയർമാൻ, KCBC SC /ST /BC COMMISSION)

**മാർ സെബാസ്റ്റ്യൻ വാണിയപ്പുരക്കൽ**
(വൈസ് ചെയർമാൻ, KCBC SC /ST /BC COMMISSION)

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

N.B: 2024 ആഗസ്റ്റ് 18-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുമല്ലോ.

# കച്ചേരിക്കാര്യം

## വിയാനി ഡേ

വൈദികരുടെ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് **ഓഗസ്റ്റ് മാസത്തിലെ വൈദികരുടെ മാസധ്യാനം തിങ്കളാഴ്ച (5/08/2024) രാവിലെ 10.30-ന് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയി**ലാണ് നടത്തുന്നത്. പൗരോഹിത്യത്തിന്റെ സുവർണ്ണ-രജത ജൂബിലി ആഘോഷിക്കുന്ന വൈദികരെ അന്നേദിവസം ആദരിക്കുന്നതാണ്.

വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ തികച്ചും ലളിതമായി നടത്തുന്ന ഈ പരിപാടിയിലേക്ക് അതിരൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരേയും, പ്രത്യേകിച്ച് ജൂബിലി ആഘോഷിക്കുന്ന വൈദികരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ധ്യാന ചിന്തകളിലും ആരാധനയിലും മീറ്റിംഗിലും പങ്കുചേർന്ന് ജൂബിലേറിയൻസിനോടൊപ്പം ദൈവത്തിനു നന്ദിപറയുന്നതിനും അവരെ ആദരിക്കുന്നതിനും ബഹുമാനപ്പെട്ട അച്ചന്മാരെല്ലാവരും കൃത്യസമയത്തുതന്നെ എത്തിച്ചേരുമല്ലോ.

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോസിഞ്ചെല്ലൂസ്**

# Transfers/Appointments of Priests

## 2024 July

| | |
|---|---|
| Chathanatt Shibu SMP | Relieved - Koratty - Asst. Vicar |
| Kodumkandathil Antony SMP | Koratty - Asst. Vicar |
| Manickathan Joseph (Tony) | Relieved - Karimugal, Ambalamedu, Ambalamugal, Pallimugal - Pro. Vicar |
| Manayampilly Sebastian (Sibin) | Karimugal, Ambalamedu, Ambalamugal, Pallimugal - Pro. Vicar (Addl.) |
| Melvettath Thomas (Thalassery) | Vice-Chancellor (Residence - Mount St. Thomas, Kakkanad) |
| Puthussery Jacob (Joyson) | America - Pastoral Work |

*Chancellor*

## ദേവാലയ ശുശ്രൂഷികൾക്കുള്ള ധ്യാനം

ബാച്ച് 1: **2024 ഓഗസ്റ്റ് 19** തിങ്കളാഴ്ച രാവിലെ 9.00 മുതൽ 21 ബുധനാഴ്ച ഉച്ചവരെ.

ബാച്ച് 2: **2024 ഓഗസ്റ്റ് 21** ബുധനാഴ്ച രാവിലെ 9.00 മുതൽ 23 വെള്ളിയാഴ്ച രാവിലെ 9.00 മണി വരെ.

സ്ഥലം: **റിന്യുവൽ സെന്റർ, കലൂർ**

ദേവാലയ ശുശ്രൂഷികളെ ധ്യാനത്തിൽ പങ്കെടുക്കാൻ പറഞ്ഞയയ്ക്കണമെന്ന് വികാരിയച്ചന്മാരോട് അഭ്യർത്ഥിക്കുന്നു.

**ഫാ. ജോഷി പുതുശ്ശേരി**
**ഡയറക്ടർ, റിന്യൂവൽ സെന്റർ**



# നിര്യാതരായി

## ഫാ. തോമസ് പാറേക്കാട്ടിൽ



**ജനനം: 22-01-1949**
**തിരുപ്പട്ടം: 18-12-1975**
**മരണം: 18-07-2024**

ബഹുമാനപ്പെട്ട തോമസ് പാറേക്കാട്ടിൽ അച്ചൻ 1949 ജനുവരി 22-ാം തീയതി പീച്ചാനിക്കാട് ഇടവകയിൽ പാറേക്കാട്ടിൽ പരേതനായ വർക്കിയുടെയും മറിയാമ്മയുടെയും എട്ട് മക്കളിൽ ഒരാളായി ജനിച്ചു. സി. നിർമ്മല സി.എം.സി., ജോയ്, സിറിൽ, പരേതനായ ആന്റണി, സാനി, ഷാജി, റെജി എന്നിവർ സഹോദരങ്ങളാണ്. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം എറണാകുളം അതിരൂപതാ മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന്, മംഗലപ്പുഴ സെന്റ് ജോസഫ്സ് സെമിനാരിയിൽ നിന്ന് വൈദികപരിശീലനം പൂർത്തിയാക്കി 1975 ഡിസംബർ 18-ാം തീയതി കർദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ പിതാവിൽനിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

അതിരൂപതയിലെ മലയാറ്റൂർ സെന്റ് തോമസ് പള്ളിയിൽ സഹവികാരിയായും നെടുംമ്പ്രക്കാട്, ആയത്തുപടി, പുഷ്പഗിരി, കളമശ്ശേരി, വൈക്കം നടേൽ, അശോകപുരം, കുഴുപ്പിള്ളി, പുത്തൻപള്ളി, വല്ലം, സൗത്ത് കളമശ്ശേരി, നെടുവന്നൂർ എന്നിവിടങ്ങളിൽ വികാരിയായും തോമസ് അച്ചൻ സേവനം ചെയ്തിട്ടുണ്ട്. കളമശ്ശേരി സോഷ്യൽ വെൽഫെയർ സെന്റർ ഡയറക്ടർ, വൈക്കം വെൽഫെയർ സെന്റർ ഡയറക്ടർ എന്നീ നിലകളിലും തോമസ് അച്ചൻ പ്രവർത്തിച്ചിട്ടുണ്ട്. വിവിധ ഇടവകകളിലെയും സ്ഥാപനങ്ങളിലെയും അജപാലനശുശ്രൂഷകൾക്കുശേഷം എടക്കുന്ന് പ്രീസ്റ്റ്സ് ഹോമിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്ന ബഹുമാനപ്പെട്ട തോമസ് അച്ചൻ, തന്റെ 76-ാം വയസ്സിൽ, 2024 ജൂലൈ 18-ാം തീയതി, വ്യാഴാഴ്ച, വാർദ്ധക്യസഹജമായ അസുഖങ്ങളാൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

അങ്കമാലി എൽ.എഫ്. ആശുപത്രിയിൽ തോമസ് അച്ചന്റെ മൃതദേഹം

പൊതുദർശനത്തിനുവച്ച വേളയിൽ മാർ ജേക്കബ് മനത്തോടത്ത് പിതാവ് ഒപ്പീസ് ചൊല്ലി. ബഹുമാനപ്പെട്ട തോമസ് പാറേക്കാട്ടിൽ അച്ചന്റെ മൃതദേഹം 2024 ജൂലൈ 20-ാം തീയതി രാവിലെ 7.00 മണി മുതൽ 7.30 വരെ എടക്കുന്ന് സെന്റ് പോൾസ് പ്രീസ്റ്റ്സ് ഹോമിലും, തുടർന്ന്, രാവിലെ 8.00 മണി മുതൽ ഉച്ചയ്ക്ക് 12.00 മണി വരെ പീച്ചാനിക്കാടുള്ള സഹോദരൻ പാറേക്കാട്ടിൽ ഷാജിയുടെ ഭവനത്തിലും പൊതുദർശനത്തിന് വച്ചു. മാർ ആന്റണി കരിയിൽ പിതാവ് ഭവനത്തിൽ എത്തി ഒപ്പീസ് ചൊല്ലി. ബഹു. തോസ് അച്ചന്റെ മൃതദേഹം പീച്ചാനിക്കാട് സെന്റ് മേരീസ് പള്ളിയിലേക്ക് കൊണ്ടുവരികയും ഉച്ചകഴിഞ്ഞ് 2.30-ന് വിശുദ്ധ കുർബാനയോടുകൂടി മൃതസംസ്കാരകർമ്മങ്ങളുടെ മൂന്നാം ഭാഗം ആരംഭിക്കുകയും ചെയ്തു.

അങ്കമാലി സെന്റ് ജോർജ് ബസിലിക്ക റെക്ടർ ബഹുമാനപ്പെട്ട ലൂക്കോസ് കുന്നത്തൂർ അച്ചൻ വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. തോമസ് അച്ചന്റെ ബാച്ചുകാരായ ഫാ. ജോസ് പാറപ്പുറം, ഫാ. സെബാസ്റ്റ്യൻ കൂട്ടുങ്കൽ, ഫാ. മാത്യു ഈരാളി, ഫാ. ജോസഫ് കുരീക്കൽ, ബന്ധുവായ ഫാ. ലോറൻസ് ചിറ്റൂപറമ്പിൽ, തോമസ് അച്ചന് വ്യക്തിപരമായി ബന്ധമുള്ള സി.എം. ഐ. സഭയുടെ കളമശ്ശേരി സേക്രഡ് ഹാർട്ട് പ്രൊവിൻസിന്റെ പ്രൊവിൻഷ്യാൾ ഫാ. ബെന്നി നൽക്കര എന്നിവർ മദ്ബഹയിൽ സഹകാർമ്മികരായി. അതിരൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് ബഹുമാനപ്പെട്ട വർഗീസ് പൊട്ടയ്ക്കൽ അച്ചനാണ് ആമുഖ സന്ദേശം നൽകിയത്. അപ്രതീക്ഷിതവും ആകസ്മികവും ആയിരുന്നു ബഹുമാനപ്പെട്ട തോമസ് പാറേക്കാട്ടിൽ അച്ചന്റെ വിയോഗമെന്ന് അച്ചൻ സൂചിപ്പിച്ചു. സ്വന്തം വീട്ടിൽപോയ ശേഷം 2024 ജൂലൈ 17-ാം തീയതി ബുധനാഴ്ച വൈകുന്നേരമാണ് എടക്കുന്ന് പ്രീസ്റ്റ്സ് ഹോമിൽ തോമസ് അച്ചൻ തിരികെ എത്തിയത്. പിറ്റേന്ന് രാവിലെ വിശുദ്ധ കുർബാനയ്ക്ക് അച്ചനെ കാണാതെ വന്നപ്പോൾ അച്ചന്റെ മുറിയിൽ അന്വേഷിച്ചു ചെന്ന് വാതിൽ തുറന്നപ്പോൾ തനിക്കു മാറാനുള്ള വസ്ത്രവും കൈയിൽ പിടിച്ചുകൊണ്ടിരിക്കുന്ന അച്ചനെയാണ് കാണാൻ സാധിച്ചത്. വസ്ത്രംമാറി പൂർത്തിയാക്കുന്നതിനു മുമ്പേതന്നെ ബഹുമാനപ്പെട്ട തോമസച്ചൻ സ്വർഗീയ പിതാവിന്റെ സവിധത്തിലേക്ക് എത്തിയിരുന്നു. തോമസ് അച്ചന്റെ മരണം വളരെ സൗമ്യവും സുന്ദരവുമായിരുന്നുവെന്ന് പൊട്ടയ്ക്കലച്ചൻ സൂചിപ്പിച്ചു. തന്റെ പിതാവിന്റെ സന്നിധിയിലേക്കുള്ള യാത്രയ്ക്കുള്ള ഒരുക്കമെന്ന

വണ്ണം കൈയിൽ വസ്ത്രവും പിടിച്ചാണ് തോമസച്ചൻ ഇരുന്നത്. പുഞ്ചിരിച്ചുകൊണ്ട് പൗരോഹിത്യത്തെ അടയാളപ്പെടുത്തിയ മനോഹരജീവിതമായിരുന്നു തോമസ് അച്ചന്റേത്. സൗഹൃദത്തിന്റെ വ്യാപ്തി പൗരോഹിത്യത്തിന്റെ കരുത്താണെന്നു തോമസ് അച്ചൻ തിരിച്ചറിഞ്ഞു. കർമ്മനിരതനായിരുന്ന അച്ചൻ കാലഘട്ടത്തിനനുസരിച്ച് നവീനമായും, ക്രിയാത്മകമായും ഓരോപ്രവർത്തനങ്ങളും ക്രമീകരിച്ചു. തന്റെ ഇടയശുശ്രൂഷ ദൈവഹിതാനുസാരം ഓരോ ഇടവകയിലേയും ജനങ്ങളുടെ നന്മയ്ക്ക് ഉതകുംവിധം ശുശ്രൂഷ ചെയ്ത് കടന്നുപോയ വ്യക്തിയാണ് തോമസ് അച്ചൻ. തോമസ് അച്ചന്റെ വേർപാടിൽ സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പും അതിരൂപതാ അദ്ധ്യക്ഷനുമായ മാർ റാഫേൽ തട്ടിൽ പിതാവിന്റെയും, അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ബോസ്കോ പുത്തൂർ പിതാവിന്റെയും അനുശോചനവും, പ്രാർത്ഥനയും പൊട്ടയ്ക്കലച്ചൻ അറിയിച്ചു.

ഒരു സഹപാഠിയെ യാത്രയാക്കുന്ന വേദനയോടുകൂടിയാണ് ഇവിടെ നിൽക്കുന്നത് എന്നു സൂചിപ്പിച്ചുകൊണ്ടാണ്, എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്ക റെക്ടർ ബഹുമാനപ്പെട്ട വർഗീസ് മണവാളൻ അച്ചൻ തന്റെ വചനസന്ദേശം ആരംഭിച്ചത്. തോമസ് അച്ചൻ അതിരൂപതയുടെ ധീരപുത്രനായിരുന്നു. ഭീരുക്കൾ ജീവിതത്തിൽ പല പ്രാവശ്യം മരിക്കുന്നു. എന്നാൽ, ധീരന്മാർ ഒരിക്കലേ മരിക്കുകയുള്ളൂ. ജീവിതത്തിൽ എന്തിനേയും നേരിടാൻ തോമസ് അച്ചൻ എപ്പോഴും തയ്യാറായിരുന്നു. 2024 ഡിസംബർ 18-ാം തീയതി തന്റെ പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലിയിലേക്ക് കടക്കുവാൻ സാധിക്കുമെന്ന് തോമസ് അച്ചൻ ചിന്തിച്ചിട്ടുണ്ടാകാം. എന്നാൽ, അതിനു മുൻപേ അച്ചൻ സ്വർഗപിതാവിന്റെ സവിധത്തിലേക്ക് പോയിരിക്കുന്നു. തോമസച്ചന്റെ വിയോഗത്തിൽ അച്ചന്റെ അമ്മയ്ക്കും, കുടുംബാംഗങ്ങൾക്കും മണവാളനച്ചൻ അനുശോചനം നേർന്നു.

ഏവർക്കും ഊർജം പകർന്ന് ജീവിച്ച വ്യക്തിയാണ് തോമസ് അച്ചൻ. ഓരോ സ്ഥലത്ത് ചെന്നാലും അവിടെയുള്ള ആവശ്യങ്ങൾ കണ്ടറിഞ്ഞ് പദ്ധതികൾ തോമസ് അച്ചൻ തയ്യാറാക്കുമായിരുന്നു. മുന്നോട്ടുള്ള വഴിയിൽ തടസ്സങ്ങൾ ഉണ്ടായാലും ഒരിക്കലും ആ വഴിയിൽനിന്ന് പിന്നോട്ടുപോകുന്ന അവസ്ഥ അച്ചൻ കാണിച്ചിട്ടില്ല. തോമസച്ചന് ഇടയ്ക്കുണ്ടായ രോഗങ്ങളും, തൊണ്ടയിലെ രോഗവും തന്റെ ഇച്ഛാശക്തികൊണ്ടും പ്രാർത്ഥനകൊണ്ടും അതിജീവിക്കുവാൻ അച്ചനു സാധിച്ചു.

തന്റെ 49 വർഷത്തെ പൗരോഹിത്യജീവിതത്തിൽ 12 പള്ളികളിലാണ് അച്ചൻ സേവനം ചെയ്തത്. ശരാശരി നാല് വർഷമെങ്കിലും ഓരോ പള്ളിയിലും സേവനം ചെയ്തിട്ടുണ്ട്. ഒരു മിനിറ്റും വെറുതെ കളയാതെ, ഓടിനടന്ന് ശുശ്രൂഷ ചെയ്യുകയായിരുന്നു തോമസ് അച്ചൻ. നെടുമ്പ്രക്കാട് പള്ളി പണിത് ഇടവകയെ രൂപപ്പെടുത്തി. പുഷ്പഗിരിയിൽ കുറുപ്പം പള്ളി പണിയുകയും, അവിടെ ശുദ്ധജലം എത്തിക്കാനുള്ള തയ്യാറെടുപ്പുകൾ നടത്തുകയും ചെയ്തു. കുഴുപ്പിള്ളിയിൽ സ്കൂൾ പണിയുകയും, ആശുപത്രി കെട്ടിടം നവീകരിക്കുകയും ചെയ്തു. വല്ലം പള്ളിയിലായിരുന്നപ്പോൾ ചേലാമറ്റം പള്ളി പണിയുന്നതിൽ വ്യാപൃതനായിരുന്നു. ഇത്രമാത്രം നിർമ്മാണപ്രവർത്തനങ്ങൾ തോമസ് അച്ചൻ ചെയ്തു എന്നതിനേക്കാൾ, തന്റെ ഓരോ പ്രവർത്തനമണ്ഡലങ്ങളിലും പ്രവർത്തനനിരതനും, പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ ഉത്സുകനുമായിരുന്നു തോമസ് അച്ചൻ.

അച്ചൻ നല്ല അജപാലകനായിരുന്നു ആരേയും വെറുപ്പിക്കാതെ എല്ലാവരേയും കൂട്ടിയോജിപ്പിച്ച് കൊണ്ടുപോകാൻ തോമസ് അച്ചൻ എപ്പോഴും പരിശ്രമിച്ചിട്ടുണ്ട്. ഓരോ പദ്ധതിക്കും സമയവും, സമ്പത്തും കണ്ടെത്തുവാൻ തോമസ് അച്ചന് പ്രത്യേക കഴിവായിരുന്നു. തന്റെ കൂടെ ശുശ്രൂഷ ചെയ്ത സഹവികാരിമാരെ പ്രോത്സാഹിപ്പിക്കുന്നതിലും, വളർത്തുന്നതിലും അച്ചൻ ബദ്ധശ്രദ്ധനായിരുന്നു. വളരാനുള്ള വേദികൾ ഒരുക്കി നൽകുമായിരുന്നു. വല്ലം പള്ളിയിൽ ആയിരുന്നപ്പോൾ ചേലാമറ്റം പള്ളിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ടകാര്യങ്ങളെല്ലാം കൊച്ചച്ചനിലൂടെയാണ് നിർവ്വഹിച്ചിരുന്നത്. എന്തുവന്നാലും കൂട്ടാളിയാകുന്ന അനുഭവമായിരുന്നു എല്ലാ കാര്യങ്ങളിലും എല്ലാവർക്കും അച്ചനെക്കുറിച്ചുണ്ടായിരുന്നത്. തന്റെ ജീവിതായുസ് ഫലപ്രദമായി കർത്താവിന് ശുശ്രൂഷചെയ്യുകയായിരുന്ന തോമസ് അച്ചൻ. മറ്റുള്ളവർക്ക് ദൈവത്തെ കൊടുക്കുകയും, അതുപോലെതന്നെ അവരുടെ മാനുഷിക ആവശ്യങ്ങളിൽ പങ്കാളിയാവുകയും ചെയ്യുന്ന ഒരു നല്ല മനുഷ്യനെ തോമസ് അച്ചനിൽ കാണാം. എന്നിരുന്നാലും ഒരു മനുഷ്യന്റെ രീതിയിലുള്ള കുറവുകളും തോമസ് അച്ചന് ഉണ്ടായിട്ടുണ്ടാകാം. തോമസ് അച്ചനെ ദൈവം നിത്യതയുടെ സൗഭാഗ്യത്തിലേക്ക് നയിക്കട്ടെയെന്നും, വന്നുപോയ കുറവുകൾ ക്ഷമിച്ച് വിശുദ്ധീകരിക്കട്ടെയെന്നുമുള്ള പ്രാർത്ഥനയോടുകൂടിയാണ് ബഹുമാനപ്പെട്ട വർഗീസ് മണവാളനച്ചൻ തന്റെ വചനസന്ദേശം അവസാനിപ്പിച്ചത്.

മൃതസംസ്കാരശുശ്രൂഷയുടെ അവസാനഭഗത്ത് മാർ തോമസ് ചക്യത്ത് പിതാവാണ് മുഖ്യകാർമ്മികത്വം വഹിച്ചത്. ചാന്ദാ രൂപതാ മെത്രാൻ മാർ എഫ്രേം നരികുളം പിതാവ് തിരുക്കർമ്മങ്ങൾക്ക് സഹകാർമ്മികത്വം വഹിച്ചു. വിശ്രമജീവിതത്തിലേക്ക് പ്രവേശിച്ചിട്ട് അഞ്ച് മാസമായപ്പോഴേക്കും പിതാവായ ദൈവം നിത്യവിശ്രമത്തിലേക്ക് തോമസ് അച്ചനെ സ്വർഗ്ഗത്തിലേക്കു ക്ഷണിച്ചുവെന്ന കാര്യം തോമസ് ചക്യത്ത് പിതാവ് സൂചിപ്പിച്ചു. എപ്പോഴും കർമ്മനിരതനായിരുന്ന തോമസ് അച്ചൻ തന്റെ ജീവിതകടമകളും, ദൗത്യങ്ങളും വളരെ മനോഹരമായി നിർവ്വഹിച്ചതിന്റെ ആത്മസംതൃപ്തി എപ്പോഴും പുലർത്തിയിരുന്നു. ബാഹ്യമായിട്ട് കാണുന്ന കാര്യങ്ങളെക്കാൾ ആന്തരികമായ കാര്യങ്ങളാണ് ഒരു പുരോഹിതനെ സംബന്ധിച്ച് പ്രധാനപ്പെട്ടത്. ദൈവജനത്തെ പിതാവായ ദൈവത്തിലേക്ക് നയിക്കുകയെന്നതാണ് അതിൽ മുഖ്യമായ ദൗത്യം. ഈ ദൗത്യം മനോഹരമായി നിർവ്വഹിക്കുന്നതിന് തോമസ് അച്ചന് സാധിച്ചു. തോമസ് അച്ചന്റെ സംസാരത്തിലും, പെരുമാറ്റത്തിലും ഈ സംതൃപ്തി നമുക്ക് കാണുവാൻ സാധിച്ചിരുന്നു.

ബഹുമാനപ്പെട്ട തോമസ് അച്ചൻ അജപാലനശുശ്രൂഷയുടെ പുഞ്ചിരി എല്ലാവർക്കും നൽകിക്കൊണ്ടാണ് യാത്രയാകുന്നത്. സ്വർഗ്ഗവാസികൾക്കും ഈ പുഞ്ചിരി നൽകാൻ തോമസ് അച്ചന് സാധിക്കട്ടെ. സ്വർഗ്ഗത്തിന്റെ വാതിലുകൾ അച്ചനുവേണ്ടി തുറക്കപ്പെടട്ടെ എന്ന പ്രാർത്ഥനയോടെ ബഹുമാനപ്പെട്ട തോമസ് പാറേക്കാട്ടിൽ അച്ചന് എറണാകുളം-അങ്കമാലി അതിരൂപതയുടെ സ്നേഹപ്രണാമം!

■



**സി. മോഡസ്റ്റ MSJ**
(അന്നംകുട്ടി കാളാംപറമ്പിൽ, കാലടി)
നിർമ്മല പ്രൊവിൻസ്, ആലുവ

| | | |
|---|---|---|
| ജനനം | : | 07-01-1938 |
| വ്രതവാഗ്ദാനം | : | 08-09-1960 |
| മരണം | : | 21-07-2024 |



**സി. അക്വിനാസ് MSJ**
(ത്രേസ്യാമ്മ മച്ചിയാനിക്കേൽ, നരിയങ്ങാനം)
നിർമ്മല പ്രൊവിൻസ്, ആലുവ

| | | |
|---|---|---|
| ജനനം | : | 12-02-1947 |
| വ്രതവാഗ്ദാനം | : | 08-09-1966 |
| മരണം | : | 13-07-2024 |



**സി. ലിവീന കോയിക്കര SABS**
അഡോറേഷൻ കോൺവെന്റ്, കൊരട്ടി

| | | |
|---|---|---|
| ജനനം | : | 25-08-1935 |
| വ്രതവാഗ്ദാനം | : | 16-04-1963 |
| മരണം | : | 18-07-2024 |



**സി. ക്ലെയോ CMC**
സെന്റ് ജോസഫ് കോൺവെന്റ്, തൃപ്പൂണിത്തുറ

| | | |
|---|---|---|
| ജനനം | : | 06-03-1947 |
| വ്രതവാഗ്ദാനം | : | 04-04-1966 |
| മരണം | : | 05-07-2024 |



# Medical Sisters of St. Joseph (MSJ)

## Nirmala Province, Chunangamvely

| | | |
|---|---|---|
| Provincial Superior | : | Sr. Divya MSJ |
| Asst. Provincial Superior | : | Sr. Elsy MSJ |
| Councilors | : | Sr. Cicil Therese MSJ |
| | : | Sr. Liji Jose MSJ |
| | : | Sr. Jisha Rose MSJ |
| Procurator | : | Sr. Della MSJ |
| Secretary | : | Sr. Jinta MSJ |

പുതുതായി തെരഞ്ഞെടുക്കപ്പെട്ട സാരഥികൾക്ക്
എറണാകുളം-അങ്കമാലി അതിരൂപതയുടെ
പ്രാർത്ഥനാശംസകൾ നേരുന്നു!

# വാർത്തകളും വിശേഷങ്ങളും

## ഒളിമ്പിക്സ് ലോകസമാധാനത്തെ വളർത്തട്ടെ എന്ന് ഫ്രാൻസിസ് പാപ്പ

ഒളിമ്പിക്സ് ലോകസമാധാനത്തെ വളർത്താൻ സഹായിക്കട്ടെ എന്ന് ഫ്രാൻസിസ് മാർപാപ്പ ആശംസിച്ചു. ഫ്രാൻസിലെ പാരിസ് ആർച്ചു ബിഷപ്പ് ലോറന്റ് യുൾറിച്ചിനെഴുതിയ കത്തിൽ, ലോകസമാധാനം ഇപ്പോൾ ഗുരുതരമായ ഭീഷണി നേരിടുകയാണെന്ന് പാപ്പ ചൂണ്ടിക്കാട്ടി. ഏറ്റവും ശത്രുതയിൽ ആയിരിക്കുന്ന ആളുകൾക്കുപോലും പരസ്പരം കണ്ടുമുട്ടാനും മുൻവിധികളെ തകർക്കാനും വിദ്വേഷത്തിന്റെയും അവിശ്വാസത്തിന്റെയും സ്ഥാനത്ത് പരസ്പരാദരവും സൗഹൃദവും വളർത്താനും ഒളിമ്പിക്സ് കാരണമാകട്ടെ. ഒളിമ്പിക്സ് അതിന്റെ സ്വഭാവത്താൽ തന്നെ സമാധാനമാണ് യുദ്ധമല്ല. പരസ്പരം ഇഴചേർന്നിരിക്കുന്ന 5 വളയങ്ങൾ സാഹോദര്യത്തെയാണ് സൂചിപ്പിക്കുന്നത് - മാർപാപ്പ വിശദീകരിച്ചു.

അതിർത്തികളെയും ഭാഷകളെയും വംശങ്ങളെയും ദേശങ്ങളെയും മതങ്ങളെയും അതിലംഘിക്കുന്ന സാർവത്രിക ഭാഷയാണ് സ്പോർട്സിന്റേതെന്ന് ഫ്രാൻസിസ് മാർപാപ്പ ചൂണ്ടിക്കാട്ടി, ആളുകളെ ഒന്നിപ്പിക്കാനും പരസ്പര സ്വീകാര്യതയും സംഭാഷണവും വളർത്താനും സ്പോർട്സിന് കഴിവുണ്ട്. വ്യക്തിബന്ധങ്ങളെയും ത്യാഗ മനോഭാവത്തെയും അത് പ്രോത്സാഹിപ്പിക്കുന്നു. സ്വന്തം പരിമിതികളെ അംഗീകരിക്കാനും മറ്റുള്ളവരെ വിലമതിക്കാനും സ്പോർട്സ് ജനങ്ങളെ പ്രേരിപ്പിക്കുന്നു, മാർപാപ്പ എഴുതി.

## ഫാ. ആർമണ്ട് മാധവത്ത് ദൈവദാസ പദവിയിലേക്ക്

ഇരിട്ടി പട്ടാരം വിമലഗിരി, ഭരണങ്ങാനം എന്നീ ധ്യാനകേന്ദ്രങ്ങളുടെ സ്ഥാപകനും കപ്പുച്ചിൻ സന്യാസിയും ആയിരുന്ന ഫാദർ ആർമണ്ട് മാധവത്തിനെ ജൂലൈ 13 നു ദൈവദാസനായി പ്രഖ്യാപിച്ചു. കേരളത്തിൽ കരിസ്മാറ്റിക് നവീകരണത്തിനു നായകത്വം വഹിച്ച പ്രമുഖരിൽ ഒരാളാണ് ഫാദർ ആർമണ്ട്. വിമലഗിരി ധ്യാനകേന്ദ്രത്തിൽ നടന്ന തിരുക്കർമ്മങ്ങളിൽ തലശ്ശേരി ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി മുഖ്യകാർമികത്വം വഹിച്ചു.

# അന്തർദേശീയ മാതൃവേദിയുടെ എക്സലൻസ് അവാർഡ്



എറണാകുളം-അങ്കമാലി അതിരൂപത വിമെൻ വെൽഫെയർ സർവീസസ് അന്തർദേശീയ മാതൃവേദിയുടെ എക്സലൻസ് അവാർഡ് നേടി. 2023–2024 വർഷത്തെ പ്രവർത്തന റിപ്പോർട്ടുകൾ വിലയിരുത്തിയാണ് അവാർഡ് നിശ്ചയിച്ചിട്ടുള്ളത്.

# വിശ്വാസപരിശീലനകേന്ദ്രം

1. **2024 ആഗസ്റ്റ് മാസത്തിൽ നടക്കുന്ന എലൈവ് & എൻലൈറ്റ് പരിപാടികൾ:**

| | | |
|---|---|---|
| 03 ശനി | : എൻലൈറ്റ് | – വൈക്കം ഫൊറോന |
| 04 ഞായർ | : എലൈവ് | – പള്ളിപ്പുറം ഫൊറോന |
| 04 ഞായർ | : എൻലൈറ്റ് | – ചേർത്തല ഫൊറോന |
| 11 ഞായർ | : എൻലൈറ്റ് | – പറവൂർ ഫൊറോന |
| 11 ഞായർ | : എലൈവ് | – മൂഴിക്കുളം ഫൊറോന |
| 18 ഞായർ | : എലൈവ് | – കാഞ്ഞൂർ ഫൊറോന |
| 18 ഞായർ | : എൻലൈറ്റ് | – മഞ്ഞപ്ര ഫൊറോന |
| 20 ചൊവ്വ | : എൻലൈറ്റ് | – മൂക്കന്നൂർ ഫൊറോന |
| 25 ഞായർ | : എൻലൈറ്റ് | – വല്ലം ഫൊറോന |
| 25 ഞായർ | : എലൈവ് | – കിഴക്കമ്പലം ഫൊറോന |
| 26 തിങ്കൾ | : എൻലൈറ്റ് | – അങ്കമാലി ഫൊറോന |
| 28 ബുധൻ | : എൻലൈറ്റ് | – കറുകുറ്റി ഫൊറോന |

2. **ആഗസ്റ്റ് 04 ഞായർ:** വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ (ഇടവക തലത്തിൽ കാറ്റിക്കിസം വിഭാഗം ആഘോഷിക്കുന്നു).

3. **ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സ്:** എൻട്രൻസ് കോച്ചിങ്ങിനും മറ്റും പോകുന്നതിനാൽ വിശ്വാസപരിശീലന ക്ലാസ്സിൽ വരുവാൻ ആഗ്രഹിച്ചിട്ടും അതിനു നിവൃത്തി ഇല്ലാത്തവർക്കുവേണ്ടി മാത്രം അതിരൂപതാകേന്ദ്രം നടത്തുന്ന ഒരു ബദൽ സംവിധാനമാണ് റസിഡൻഷ്യൽ കോഴ്സ്.

**a) 2024–2025 അധ്യയനവർഷത്തിലെ റസിഡൻഷ്യൽ കോഴ്സ് തീയതികൾ:**

**ഒന്നാം വർഷ ഡിപ്ലോമ:**

2024 സെപ്റ്റംബർ 20, 21, 22 -ഒന്നാം വർഷ ഡിപ്ലോമ - 1st Session (സെപ്റ്റംബർ 20–ന് വൈകീട്ട് 6.00–ന് കുട്ടികൾ എത്തിച്ചേരുന്നു).

2025 മെയ് 03, 04 – ഒന്നാം വർഷ ഡിപ്ലോമ - 2nd Session

**രണ്ടാം വർഷ ഡിപ്ലോമ:**

2024 ഒക്ടോബർ 11, 12, 13 – രണ്ടാം വർഷ ഡിപ്ലോമ - 1st Session (ഒക്ടോബർ 11–ന് വൈകിട്ട് 6.00 മണിക്ക് കുട്ടികൾ എത്തിച്ചേരുന്നു).

2025 ഏപ്രിൽ 05, 06 – രണ്ടാം വർഷ ഡിപ്ലോമ - 2nd Session

**b) 2024 ആഗസ്റ്റ് 1 മുതൽ 20 വരെ തീയതികളിലാണ് ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സിൽ ചേരുന്നവർ അതിരൂപത വിശ്വാസ പരിശീലനകേന്ദ്രത്തിൽവന്നു പേര് രജിസ്റ്റർ ചെയ്യേണ്ടത്.**

ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സിനെക്കുറിച്ചുള്ള വിശദവിവരങ്ങൾ അറിയുവാനും രജിസ്ട്രേഷൻ ഫോമിനും വേണ്ടി Website: www.catechismernakulam.com -ൽ **Diploma Residential Course** എന്ന Menu വിൽ ക്ലിക്ക് ചെയ്യുക. Search ചെയ്യുക.

4. **Basic Orientation Course (BOC):** അതിരൂപതയിലെ പുതിയ വിശ്വാസപരിശീലകർക്കുവേണ്ടി ആഗസ്റ്റ് മാസം 25, 26 (ഞായർ, തിങ്കൾ) തീയതികളിലായി കലൂർ റിന്യുവൽ സെന്ററിൽ **BOC** സംഘടിപ്പിക്കുന്നു. ഇതിൽ പങ്കെടുക്കുന്നവർ ആഗസ്റ്റ് 10–ാം തീയതിയ്ക്ക് മുമ്പായി അതത് ഫൊറോന സെക്രട്ടറി സിസ്റ്ററിന്റെ പക്കൽ പേര് രജിസ്റ്റർ ചെയ്യുമല്ലോ.

5. ആഗസ്റ്റ് 15 (വ്യാഴം) : മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും ഇന്ത്യയുടെ സ്വാതന്ത്ര്യദിനവും - ഓഫീസ് അവധി.

6. മുമ്പ് നിശ്ചയിച്ചിരുന്ന പരീക്ഷാ തീയതികളിൽ, പല പള്ളികളിലും തിരുനാളുകൾ ആയതുകൊണ്ട്, ഫൊറോന സെക്രട്ടറിമാരുടെയും പ്രമോട്ടേഴ്സിന്റേയും മീറ്റിങ്ങിന്റെ അഭ്യർത്ഥനയെമാനിച്ച്, ഫൊറോന ഡയറക്ടറച്ചന്മാരുടെ മീറ്റിങ്ങിനെ തുടർന്ന്, 2024-2025 അദ്ധ്യയന വർഷത്തിലെ പുനർനിർണ്ണയിച്ച പരീക്ഷാ തീയതികൾ:

**Classes: I – XII : ഒന്നാം സെമസ്റ്റർ പരീക്ഷ - 03rd November 2024 : 10.30 am – 12.30 pm (നവംബർ ആദ്യ ഞായർ)**

**Classes: X, XI, XII : രണ്ടാം സെമസ്റ്റർ പരീക്ഷ - 26th January 2025 : 02.00 pm – 04.00 pm (ജനുവരി അവസാന ഞായർ)**

**Classes: I – IX : രണ്ടാം സെമസ്റ്റർ പരീക്ഷ - 16th February 2025 : 10.30 am – 12.30 pm (ഫെബ്രുവരി മൂന്നാം ഞായർ)**

**NB:** എല്ലാ ക്ലാസുകളിലും (1-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെ), രണ്ടാം സെമസ്റ്ററിൽ പഠിപ്പിക്കേണ്ട പാഠപുസ്തകത്തിലെ ഒരു ചാപ്റ്റർ, ഒന്നാം സെമസ്റ്ററിൽ അധികമായി പഠിപ്പിക്കണം.

7. **2024 ജൂലൈ മാസത്തിൽ നടന്ന എലൈവ് & എൻലൈറ്റ് പരിപാടികൾ:**

| | | |
|---|---|---|
| 07 ഞായർ | : എലൈവ് | - വൈക്കം ഫൊറോന |
| 13 ശനി | : എൻലൈറ്റ് | - കിഴക്കമ്പലം ഫൊറോന |
| 14 ഞായർ | : എലൈവ് | - ചേർത്തല ഫൊറോന |
| 14 ഞായർ | : എൻലൈറ്റ് | - പള്ളിപ്പുറം ഫൊറോന |
| 16 ചൊവ്വ | : എൻലൈറ്റ് | - തൃപ്പൂണിത്തുറ ഫൊറോന |
| 21 ഞായർ | : എൻലൈറ്റ് | - മൂഴിക്കുളം ഫൊറോന |
| 21 ഞായർ | : എലൈവ് | - പറവൂർ ഫൊറോന |
| 28 ഞായർ | : എലൈവ് | - വല്ലം ഫൊറോന |
| 28 ഞായർ | : എൻലൈറ്റ് | - കാഞ്ഞൂർ ഫൊറോന |

8. എലൈവ് & എൻലൈറ്റ് പ്രോഗ്രാമുകൾ നടത്തുവാൻ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിതന്ന ബഹു. വികാരിയച്ചന്മാർക്കും വിശ്വാസപരിശീലകർക്കും പള്ളികമ്മിറ്റി അംഗങ്ങൾക്കും ഫൊറോന കൗൺസിലിനും പ്രത്യേകം നന്ദി.

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**

# ഫാമിലി അപ്പോസ്തലേറ്റ്

Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074643
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200, E-Mail : jeevalayafamilypark@gmail.com

## 2024 ആഗസ്റ്റ് - സെപ്റ്റംബർ

### വിവാഹഒരുക്ക ധ്യാനം (MPR)

ആഗസ്റ്റ് 05-07 (കലൂർ)
ആഗസ്റ്റ് 06-08 (കാലടി)
ആഗസ്റ്റ് 13-15 (കാലടി)
ആഗസ്റ്റ് 20-22 (കാലടി)
ആഗസ്റ്റ് 26-28 (കലൂർ)

സെപ്റ്റംബർ 03-05 (കാലടി)
സെപ്റ്റംബർ 09-11 (കാലടി)
സെപ്റ്റംബർ 16-18 (കലൂർ)
സെപ്റ്റംബർ 24-26 (കാലടി)

NB: വിവാഹ ഒരുക്കധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

### ബേബിഷൈൻ ധ്യാനം (Contact: 8078334522)

ആഗസ്റ്റ് 09-11 (20 ദമ്പതികൾക്ക് മാത്രം)

### ദമ്പതീധ്യാനം (Contact: 8078334522)

ആഗസ്റ്റ് 08-11 (20 ദമ്പതികൾക്ക് മാത്രം)

### വിധവാധ്യാനം (Contact: 9400929111)

ആഗസ്റ്റ് 16-18

### പാരന്റിംഗ് സെമിനാർ (മതബോധനം)

ആഗസ്റ്റ് 04 - കാടുകുറ്റി
ആഗസ്റ്റ് 11 - കോളങ്ങായി
ആഗസ്റ്റ് 18 - നാലുകെട്ട്

### എം. സി. സി. വാർഷിക ധ്യാനം

ആഗസ്റ്റ് 25 - ജീവാലയ, കാലടി

## ആനിമേറ്റർ സിസ്റ്റേഴ്സ് ട്രെയ്നിംഗ്

കുടുംബപ്രേഷിതശുശ്രൂഷയ്ക്ക് ഇടവകതലത്തിൽ നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട ആനിമേറ്റർ സിസ്റ്റേഴ്സിനുള്ള പരിശീലനപരിപാടി നാല് മേഖലകളിലായി നടത്തിവരുന്നു. സൗത്ത്, സെൻട്രൽ മേഖലകളിലെ പരിശീലന പരിപാടികൾ ജൂലൈ മാസത്തിൽ നടത്തി.

**2024 ഓഗസ്റ്റ് 4**

**നോർത്ത് സോൺ –**

**(കൊരട്ടി, മൂക്കന്നൂർ, കറുകുറ്റി, മൂഴിക്കുളം)**

സമയം : 2.30 മുതൽ 5.00 മണി വരെ

സ്ഥലം : കൊരട്ടി ഫൊറോന ദേവാലയം

**2024 ഓഗസ്റ്റ് 4**

**ഈസ്റ്റ് സോൺ –**

**(അങ്കമാലി, കാഞ്ഞൂർ, മഞ്ഞപ്ര, വല്ലം)**

സമയം : 2.30 മുതൽ 5.00 മണി വരെ

സ്ഥലം : ജീവാലയ, കാലടി

## വിവാഹോത്സവ്, 2024

**1974, 1999** വർഷങ്ങളിൽ വിവാഹിതരായ അതിരൂപതയിലെ ജൂബിലേറിയൻ ദമ്പതികളെ ആദരിക്കുന്ന വിവാഹോത്സവ് സെപ്റ്റംബർ – ഒക്ടോബർ മാസങ്ങളിൽ ഫൊറോനാ തലത്തിൽ നടത്തുന്നു.

ഓരോ ഫൊറോനയുടെ സ്ഥലവും തീയതിയും ശ്രദ്ധിക്കുമല്ലോ!!

## ഫൊറോനതല വിവാഹോത്സവ് തീയതികൾ:

സെപ്റ്റംബർ 07– കൊരട്ടി, മഞ്ഞപ്ര
സെപ്റ്റംബർ 14 – അങ്കമാലി, മൂഴിക്കുളം
സെപ്റ്റംബർ 21– മൂക്കന്നൂർ, കറുകുറ്റി
സെപ്റ്റംബർ 28– കാഞ്ഞൂർ, വല്ലം
ഒക്ടോബർ 05 – കിഴക്കമ്പലം, ഇടപ്പള്ളി
ഒക്ടോബർ 12 – എറണാകുളം, പറവൂർ
ഒക്ടോബർ 19 – തൃപ്പൂണിത്തുറ, വൈക്കം
ഒക്ടോബർ 26 –പള്ളിപ്പുറം, ചേർത്തല

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

# AICO
## (Archdiocesan Institutions' Central Office)

**ബഡ്ജറ്റ് / ബോർഡ് മീറ്റിംഗ്**

| | |
|---|---|
| ജൂലൈ 08 | സുബോധന റീജിയണൽ പാസ്റ്ററൽ സെന്റർ, അങ്കമാലി |
| ജൂലൈ 10 | 1. നിവേദിത, ചുണങ്ങംവേലി |
| | 2. സോഷ്യൽ വെൽഫെയർ സെന്റർ, കളമശ്ശേരി |
| ജൂലൈ 17 | നൈപുണ്യ പബ്ലിക് സ്കൂൾ, എടക്കുന്ന് |
| ജൂലൈ 22 | നൈപുണ്യ സ്കൂൾ ഓഫ് മാനേജുമന്റ്, ചേർത്തല |
| ജൂലൈ 24 | വിയാനി പ്രിന്റിങ്ങ്സ്, എറണാകുളം |
| ജൂലൈ 25 | നൈപുണ്യ കോളേജ്, പൊങ്ങം |
| ജൂലൈ 29 | ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി |
| ജൂലൈ 30 | നൈപുണ്യ പബ്ലിക് സ്കൂൾ, കൊച്ചി |
| ജൂലൈ 31 | വെൽഫെയർ സർവ്വീസസ്, എറണാകുളം |

**സൈറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ് & സൈറ്റ് വിസിറ്റ്**

| | |
|---|---|
| ജൂൺ 28 | ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി |
| ജൂലൈ 02 | സെന്റ് ഫ്രാൻസിസ് അസ്സീസി സ്കൂൾ, അത്താണി |
| ജൂലൈ 09 | 1. ഭാരത മാതാ കോളേജ്, തൃക്കാക്കര |
| | 2. മദർ തെരേസ ഹോസ്റ്റൽ, തുതിയൂർ |
| ജൂലൈ 10 | 1. സെന്റ് മേരീസ് ഫെറോന ചർച്ച്, മൂഴിക്കുളം |
| | 2. ഇൻഫന്റ് ജീസസ് ചർച്ച്, കൊല്ലക്കോട് |
| ജൂലൈ 12 | 1. ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി |
| | 2. നൈപുണ്യ കോളേജ്, പൊങ്ങം |
| ജൂലൈ 13 | ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ കൂനമ്മാവ് അനക്സ് |
| ജൂലൈ 15 | ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി |
| ജൂലൈ 20 | 1. സെന്റ് ഫ്രാൻസിസ് അസ്സീസി സ്കൂൾ, അത്താണി |
| | 2. വെൽഫെയർ സർവ്വീസസ് ദേശം സൈറ്റ് |
| ജൂലൈ 22 | ഭാരത മാതാ കോളേജ്, തൃക്കാക്കര |
| ജൂലൈ 23 | നൈപുണ്യ കോളേജ്, പൊങ്ങം |

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോസിഞ്ചെല്ലൂസ്**

# ഡിപ്പാർട്ട്മെന്റ് ഓഫ് ബൈബിൾ അപ്പസ്തോലേറ്റ്

## വചനസർഗ പ്രതിഭാപുരസ്കാരം

ദീർഘകാലം കെ.സി.ബി.സി. ബൈബിൾ കമ്മീഷനെയും ബൈബിൾ സൊസൈറ്റിയെയും നയിച്ച ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിലിന്റെ ബഹുമാനാർത്ഥം ഏർപ്പെടുത്തിയിരിക്കുന്ന വചനസർഗ പ്രതിഭാ പുരസ്കാരത്തിന് 2024-ലേക്കുള്ള എൻട്രികൾ ക്ഷണിക്കുന്നു. ബൈബിൾ മേഖലയിലെ ക്രിയാത്മകസംഭാവനകൾ പ്രോത്സാഹിപ്പിക്കുന്നതിന് കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയാണ് പുരസ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്. 25000/-രൂപ ക്യാഷ് അവാർഡും പ്രശംസാഫലകവുമാണ് പുരസ്കാരം.

ബാലസാഹിത്യവും ബൈബിൾ ഗെയിംസുമാണ് ഈ വർഷത്തെ വിഷയം (കുട്ടികൾക്കായി ബൈബിൾ ആധാരമാക്കിയുള്ള പ്രബോധനാത്മകമായ കൃതികളും സാങ്കേതികേതര ബൈബിൾ കളികളും) (മലയാളത്തിൽ മൂന്നു കോപ്പി വീതം നല്കണം) 2019 മുതലുള്ള രചനകളാണ് സ്വീകരിക്കപ്പെടുക. ജാതിമതഭേദമെന്യേ ആരും അവാർഡിന് പരിഗണിക്കപ്പെടും. പരിഗണനാർഹരായവരുടെ പേരുകൾ ആർക്കും നിർദ്ദേശിക്കാവുന്നതാണ്.

2024 ഒക്ടോബർ 1-നു മുമ്പ് സെക്രട്ടറി, കേരള കാത്തലിക് ബൈബിൾ സൊസൈറ്റി, പി.ഒ.സി. പാലാരിവട്ടം, പി.ബി. നമ്പർ 2251, കൊച്ചി 682025 എന്ന വിലാസത്തിലാണ് എൻട്രികൾ സമർപ്പിക്കേണ്ടത്.

## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ സാഹിത്യമത്സരങ്ങൾ - 2024

കവിത, കഥ, ലേഖനം, ഏകാങ്കനാടകം, എന്നീ ഇനങ്ങളിലാണ് മത്സരം. പ്രതിപാദന വിഷയം ബൈബിളിലെ ഏതു ഭാഗമാണെന്ന് വ്യക്തമാക്കിയിരിക്കണം. ബൈബിൾ പ്രമേയങ്ങളുടെ ആനുകാലികാവിഷ്കരണങ്ങൾ അനുവദനീയമാണ്. ചെറുകഥ ആറ് പേജിലും (പ്രിന്റ്: 3 പേജ്) ലേഖനം പത്തു പേജിലും (പ്രിന്റ്: 6 പേജ്) കവിത അറുപതു വരികളിലും കവിയരുത്. ഏകാങ്കം മുപ്പതുമിനിട്ട്. ഇതിനുമുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏല്പിച്ചിട്ടുള്ളതോ ആയിരിക്കരുത്. ജൂനിയർ, സീനിയർ തിരിവോ പ്രായപരിധി

നിബന്ധനകളോ രചനാ മത്സരങ്ങൾക്കില്ല. ബൈബിൾ പ്രമേയങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കണം രചനകൾ.

രചനകളിൽ പേരോ വിലാസമോ എഴുതരുത്. പേരും വിലാസവും രൂപതയുടെ പേരും മറ്റൊരു കടലാസിലെഴുതി പിൻ ചെയ്തിരിക്കണം.

അല്മായർ, സെമിനാരി വിദ്യാർഥികൾ സന്ന്യാസിനികൾ എന്നീ ഗ്രൂപ്പുകൾക്ക് വെവ്വേറെയായിരിക്കും ലേഖനമത്സരം.

**ലേഖന വിഷയം:**

അല്മായർ: **'ദൈവവചനം യുവജനങ്ങളുടെ ജീവിതത്തിൽ'**

സെമിനാരി വിദ്യാർഥികൾ: **'യുവജനവും വചനജീവിതവും'**

സന്ന്യാസിനികൾ: **'മറിയം യുവജന വചനപ്രഘോഷണത്തിന്റെ മാതൃക'**

മത്സരത്തിനയയ്ക്കുന്ന കൃതികളോടൊപ്പം വികാരിയുടെയോ, സുപ്പീരിയറിന്റെയോ, സാക്ഷ്യപത്രവും 50 രൂപ വീതം രജിസ്ട്രേഷൻ ഫീസും (MO/DD/Bank transfer to K.C.B.C. Bible Commission, A/C No. 0423053000006271. IFSC: SIBL0000423, SWIFT; SOININ55. South Indian Bank, Vennala Branch) അയയ്ക്കേണ്ടതാണ്. ഇവ രണ്ടും ലഭിക്കാത്ത രചനകൾ, സ്വീകരിക്കന്നതല്ല.

ഒന്നും രണ്ടും മൂന്നും സ്ഥാനത്തെത്തുന്ന സമ്മാനാർഹർക്ക് യഥാക്രമം 2000 രൂപ, 1500 രൂപ, 1000 രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ബൈബിളും നൽകുന്നതാണ്. മത്സരത്തിനയ്ക്കുന്ന കൃതികൾ തിരിച്ചു നൽകുന്നതല്ല. ആവശ്യമുള്ളവർ മത്സരത്തിന് അയയ്ക്കുന്നതിനുമുൻപ് കൃതികളുടെ കോപ്പികൾ കരുതേണ്ടതാണ്.

കൃതികൾ ലഭിക്കേണ്ട അവസാന തീയതി: **2024 ഒക്ടോബർ 1**

കൃതികൾ അയയ്ക്കേണ്ട വിലാസം:

സെക്രട്ടറി, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ, പി.ഒ.സി., പാലാരിവട്ടം, വെണ്ണല പി.ഒ., കൊച്ചി 682 028.

**ഫാ. ജോസഫ് താമരവെളി**
**ഡയറക്ടർ**

# സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)




## മികച്ച സാമൂഹ്യ പ്രവർത്തന സംഘടനയ്ക്കുള്ള പുരസ്കാരം സഹൃദയയ്ക്ക്

മികച്ച സാമൂഹ്യ പ്രവർത്തന സംഘടനയ്ക്കായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പേഴ്സണൽ മാനേജ്മെന്റ് കേരള ചാപ്റ്റർ ഏർപ്പെടുത്തിയ പുരസ്കാരം അതിരൂപതാ സാമൂഹ്യ പ്രവർത്തന വിഭാഗമായ സഹൃദയയ്ക്ക് ലഭിച്ചു. ആറു പതിറ്റാണ്ടുകാലത്തെ സാമൂഹ്യ, പാരിസ്ഥിതിക രംഗത്തെ പ്രവർത്തനങ്ങൾ മാനിച്ചാണ് പുരസ്കാരം. കലൂർ ഗോകുലം കൺവെൻഷൻ സെന്ററിൽ സംഘടിപ്പിച്ച എൻ.ഐ.പി.എം. കേരള ചാപ്റ്റർ വാർഷിക സമ്മേളനത്തിൽ കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ് ഐ.എ.എസ് സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ-ന് അമ്പതിനായിരം രൂപയും സാക്ഷ്യപത്രവുമടങ്ങിയ പുരസ്കാരം കൈമാറി.

### സഹൃദയ ആരോഗ്യ മാസാചരണം

അതിരൂപതാ സ്ഥാപനമായ സഹൃദയ നൈവേദ്യ ആയുർവേദ ആശുപത്രിയുടെ ആഭിമുഖ്യത്തിൽ ആരോഗ്യ മാസാചരണത്തിന്റെ

ഉദ്ഘാടനം ബിഷപ്പ് എമരിറ്റസ് മാർ തോമസ് ചക്യത്ത് നിർവഹിച്ചു. നാഷണൽ ആയുഷ് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ ഡോ. കെ.വി.പി. ജയകൃഷ്ണൻ അധ്യക്ഷനായിരുന്നു. കൊച്ചി എഫ്.എം. സ്റ്റേഷൻ ഡയറക്ടർ ടി.പി. രാജേഷ് മുഖ്യപ്രഭാഷണം നടത്തി. സഹൃദയ നൈവേദ്യ ആശുപത്രി പുറത്തിറക്കുന്ന ഔഷധക്കഞ്ഞി, ഹെർബൽ ഷാംപൂ എന്നിവയുടെ വിതരണ ഉദ്ഘാടനവും ബിഷപ്പ് തോമസ് ചക്യത്ത് നിർവഹിച്ചു.

**നൈവേദ്യയിൽ ആരോഗ്യ ചികിത്സ**

പൊന്നുരുന്നിയിൽ വർഷകാല ആരോഗ്യ ചികിത്സ പാക്കേജുകൾ ലഭ്യമാണ്. വിശദവിവരങ്ങൾക്കും ബുക്കിംഗിനും ഫോൺ: 9496573926, 9567295267.

**വിദ്യാദർശൻ ഏകദിന പരിശീലനം**

ഏഴ്, എട്ട് ക്ലാസ്സുകളിൽ പഠിക്കുന്ന നിർധന കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ പുരോഗതിക്കായി സഹൃദയ നടപ്പാക്കുന്ന വിദ്യാദർശൻ പദ്ധതിയുടെ ഭാഗമായി വൈക്കം, ചേർത്തല മേഖലകളിൽ ഏകദിന പരിശീലനം സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം വ്യക്തിത്വ വികസനം, നേതൃശേഷി വളർത്തൽ, കരിയർ ഗൈഡൻസ് തുടങ്ങിയ മേഖലകളിൽ പ്ലസ് ടു വരെ തുടർച്ചയായുള്ള പരിശീലനങ്ങളും മേൽനോട്ടവും സഹായ പദ്ധതികളും വഴി കഴിവുള്ള കുട്ടികളെ സിവിൽ സർവീസ് വരെ എത്തിക്കുന്നതിനും ശരിയായ ജീവിത മേഖല തെരഞ്ഞെടുത്ത് ജീവിത വിജയം നേടുന്നതിനും സർവോപരി നാടിനും നാട്ടാർക്കും പ്രകൃതിക്കും ഉപകാരികളായ ഉത്തമപൗരന്മാരായി വളർത്തുന്നതിനുമാണ് വിദ്യാദർശൻ ലക്ഷ്യം വയ്ക്കുന്നത്.

**വിദ്യാഭ്യാസ സ്പോൺസർഷിപ്പ് പദ്ധതി സഹായ വിതരണം**

അതിരൂപതാ ശതാബ്ദി സ്മാരക എഡ്യൂക്കേഷൻ സ്പോൺസർഷിപ്പ് പ്രോഗ്രാം വഴി വിദ്യാഭ്യാസ സഹായം ലഭിച്ചുകൊണ്ടിരിക്കുന്നവരുടെ യോഗവും സ്കോളർഷിപ്പ് വിതരണവും പൊന്നുരുന്നി കർദിനാൾ ജോസഫ് പാറേക്കാട്ടിൽ ഓഡിറ്റോറിയത്തിൽ നടത്തി. സ്കോളർഷിപ്പ് തുകയുടെ ചെക്കുകളും വിതരണം ചെയ്തു.

**റീജിയണൽ ആനിമേറ്റേഴ്സ് മീറ്റിങ്ങ്**

എറണാകുളം, ചേർത്തല, അങ്കമാലി, കാലടി, പറവൂർ, റീജിയണൽ ആനിമേറ്റേഴ്സ് മീറ്റിംഗുകൾ സംഘടിപ്പിച്ചു. എ.പി.വൈ. (അഡൾട്ട്

പെൻഷൻ യോജന) സ്കീമിനെ കുറിച്ചും റിലയൻസ് ഫൗണ്ടേഷന്റെ നേതൃത്വത്തിൽ നടത്തിവരുന്ന ദുരന്തനിവാരണ സർവ്വേയെ കുറിച്ചുമുള്ള വിശദാംശങ്ങൾ നൽകി.

### ജെ.എൽ.ജി. ക്ലസ്റ്റർ ആനിമേറ്റേഴ്സ് ട്രെയിനിങ് പ്രോഗ്രാം

ഫെഡറൽ ബാങ്കുമായി സഹകരിച്ച് സഹൃദയ വെസ്കോ ക്രെഡിറ്റ് നടപ്പിലാക്കുന്ന ജെ.എൽ.ജി. ക്ലസ്റ്റർ ആനിമേറ്റേഴ്സ് ട്രെയിനിങ് പ്രോഗ്രം പൊന്നുരുന്നി കർദിനാൾ ജോസഫ് പാറേക്കാട്ടിൽ മെമ്മോറിയൽ ഹാളിൽ സംഘടിപ്പിച്ചു. ഏറ്റവും കൂടുതൽ ജെ.എൽ.ജി. കൾ ഓൺ ബോർഡ് ചെയ്ത ചെറായിലെ ക്ലസ്റ്റർ ആനിമേറ്റർ മോളി ജോയ്, മൂഴിക്കുളം ആനിമേറ്റർ ജിൻസി ബൈജു എന്നിവർക്ക് സ്കോർ ചെക്കിങ് ഡിവൈസ് വിതരണം നടത്തുകയും ചെയ്തു.

### വിമൻ എംപവർമെന്റ് ക്ലാസ്സ്

ഇറ്റാലിയൻ ബിഷപ്പ് കോൺഫെറെൻസുമായി സഹകരിച്ച് സഹൃദയ നടപ്പാക്കുന്ന വിമൻ എംപവർമെന്റ് പദ്ധതിയുടെ ഭാഗമായി 'സ്ത്രീ ശാക്തീകരണവും, ബിസിനസ് ഡെവലപ്പ്മെന്റും'എന്ന വിഷയത്തെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ്സ് അശോകപുരം, കോക്കുന്ന്, നോർത്ത് കുത്തിയതോട്, അകപ്പറമ്പ്, പെരുമ്പാവൂർ, മൂക്കന്നൂർ, പഴങ്ങനാട്, പള്ളിപ്പുറം, പ്രസാദഗിരി, കരിപ്പാശ്ശേരി, എളവൂർ കുന്നേൽ, ഞാറക്കൽ, പുതുവാശ്ശേരി, തൃപ്പൂണിത്തുറ, തോപ്പിൽ (തൃപ്പൂണിത്തുറ), വൈക്കം, കൊങ്ങോർപ്പിള്ളി എന്നിവിടങ്ങളിൽ സംഘടിപ്പിച്ചു.

### ഹരിതകർമ സേന പരിശീലനം

ഇടുക്കി ജില്ലയിലെ വട്ടവട, ചിന്നക്കനാൽ, രാജാക്കാട്, ബൈസൺവാലി ഗ്രാമ പഞ്ചായത്തുകളിലും എറണാകുളം ജില്ലയിലെ രായമംഗലം, പല്ലാരിമംഗലം, വാരപ്പെട്ടി, നായരമ്പലം, കവളങ്ങാട്, എടവനക്കാട്, ഞാറക്കൽ, അയ്യമ്പുഴ, മൂക്കന്നൂർ ഗ്രാമപഞ്ചായത്തുകളിലും സഹൃദയ ടെക്കിന്റെ നേതൃത്വത്തിൽ ഹരിതകർമ സേനാംഗങ്ങൾക്ക് ത്രിദിന പരിശീലനം സംഘടിപ്പിച്ചു.

### ജെ. എൽ. ജി. ഗ്രൂപ്പ് രൂപീകരണം

സഹൃദയ വെസ്കോ ക്രെഡിറ്റും ഫെഡറൽ ബാങ്കുമായി സഹകരിച്ച് നടപ്പിലാക്കുന്ന ജെ.എൽ.ജി. തോട്ടുവ, വാളൂർ, ചുള്ളി, മാണിക്യമംഗലം, കറുകുറ്റി, താന്നിപ്പുഴ, ചേരാനല്ലൂർ, കൊരട്ടി, കാക്കനാട്, നായരമ്പലം,

വാതക്കാട്, കരിപ്പാശ്ശേരി, അമ്പുനാട്, പല്ലംതുരുത്ത്, ഐമുറി, തലയോലപ്പറമ്പ്, കറുകുറ്റി ആശ്രമം, അമ്പലമേട്, അയ്യമ്പുഴ, നടുവട്ടം, സെബിയൂർ, കപ്രശ്ശേരി, ചേന്ദമംഗലം, മേലൂർ, പാറത്തെറ്റ, മുരിങ്ങൂർ, അകപ്പറമ്പ്, താബോർ, കുറുമശ്ശേരി, കൊതവറ, അങ്കമാലി, ഞാറല്ലൂർ, പെരുമ്പാവൂർ, വിമലഗിരി, ആലങ്ങാട്, രാജഗിരി, എടവനക്കാട്, നോർത്ത് ചമ്പന്നൂർ, സെബിയൂർ, കൊല്ലക്കോട്, ഇല്ലിത്തോട്, വെണ്ണല, കവരപ്പറമ്പ്, പുതുവൈപ്പ്, സൗത്ത് വെള്ളാരപ്പള്ളി, പുളിയനം, അശോകപുരം, പെരിയാർമുഖം, കുഴുപ്പിള്ളി, അട്ടാറ, നായത്തോട്, കിടങ്ങൂർ, കെടാമംഗലം, അച്ചിനകം, വൈക്കം, നീലീശ്വരം, ചെങ്ങമനാട് കീഴ്മാട്, എളവൂർ കുന്നേൽ, നായരമ്പലം, ചെറായി കൊങ്ങോർപ്പിള്ളി, പനങ്ങാട് എന്നി വില്ലേജുകളിൽ രൂപീകരിച്ചു.

**സ്വയം സഹായ സംഘങ്ങളുടെ സംയുക്ത വാർഷികം**

അകപ്പറമ്പ്, പ്രസാദഗിരി, ഞാറയ്ക്കൽ, പുതുവൈപ്പ്, എളംകുന്നപുഴ, കൊങ്ങോർപ്പിള്ളി എന്നീ ഇടവകകളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളുടെ സംയുക്ത വാർഷികം സംഘടിപ്പിച്ചു.

**രക്തദാന ക്യാമ്പ്**

സഹൃദയയും ചുള്ളി കെസിവൈഎ മ്മും ചേർന്ന് എറണാകുളം ലൂർദ് ആശുപത്രിയുടെ സഹകരണത്തോടെ ചുള്ളി സെന്റ് ജോസഫ് പള്ളി ഹാളിൽ രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. 49 പേർ രക്തദാന ക്യാമ്പിൽ പങ്കെടുത്തു.

**കേൾവി പരിശോധന ക്യാമ്പ്**

ലോഗോ തൃപ്പൂണിത്തുറയുടെ സഹകരണത്തോടെ സഹൃദയ സന്നദ്ധ കേൾവി പരിശോധന ക്യാമ്പ് തൊട്ടുവ സെന്റ് ജോസഫ് പള്ളി ഹാളിൽ വെച്ച് സംഘടിപ്പിച്ചു. 58 പേർ ക്യാമ്പിൽ പങ്കെടുത്തു. കോടനാട് സെന്റ് ആന്റണിസ് പള്ളി ഹാളിൽ സംഘടിപ്പിച്ച ക്യാമ്പിൽ 54 പേർ പങ്കെടുത്തു.

**സജീവം ലഹരി വിരുദ്ധ ക്യാമ്പയിൻ**

സഹൃദയയും കടവന്ത്ര ജനമൈത്രി പോലീസ് സ്റ്റേഷനും സംയുക്തമായി പൊന്നുരുന്നി ക്രൈസ്റ്റ് കിങ് കോൺവെന്റ് ഹൈസ്കൂളിൽ

ലഹരി വിരുദ്ധ ബോധവൽകരണ ക്ലാസ്സ് നടത്തി. തൃക്കാക്കര കാർഡിനൽ ഹയർസെക്കൻഡറി സ്കൂളിലും ലഹരി വിരുദ്ധ ബോധവൽകരണ ക്ലാസ്സ് നടത്തി.

**പുതിയ സംഘങ്ങളുടെ രൂപീകരണം**

സഹൃദയ വെസ്കോ ക്രെഡിറ്റിന്റെ നേതൃത്വത്തിൽ സൗത്ത് വാഴക്കുളം, ആലുവ, വാതക്കാട്, ലിസ്യുനഗർ, കാക്കനാട്, കോട്ടക്കാവ്, തദേവുസ് പുരം, കെടാമംഗലം, അകപ്പറമ്പ് എന്നീ വില്ലേജുകളിൽ പുതിയ സംഘങ്ങൾ രൂപീകരിച്ചു.

**ക്രെഡിറ്റ് ക്യാമ്പുകൾ**

സഹൃദയ വെസ്കോ ക്രെഡിറ്റിന്റെ നേതൃത്വത്തിൽ എളവൂർ കുന്നേൽ, നെടുമ്പ്രക്കാട്, കോടനാട്, നെടുവന്നൂർ എന്നി ഇടവകളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളുടെ ക്രെഡിറ്റ് ക്യാമ്പുകൾ സംഘടിപ്പിച്ചു.

**സ്വയം തൊഴിൽ വായ്പ**

സഹൃദയ വെസ്കോ ക്രെഡിറ്റിന്റെ കീഴിൽ വിവിധ വില്ലേജുകളിൽ പ്രവർത്തിച്ചുവരുന്ന 49 സംഘങ്ങളിലെ 331 അംഗങ്ങൾക്ക് സ്വയം തൊഴിൽ വിപുലീകരണത്തിനായി 2024 ജൂലൈ മാസത്തിൽ 1,92,05,000 രൂപ വായ്പയായി വിതരണം ചെയ്തു.

**ജെ. എൽ. ജി. കൾക്ക് വായ്പ**

സഹൃദയ പുതിയതായി രൂപീകരിച്ചു വരുന്ന ജെ. എൽ. ജി. കൾക്ക് (ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക്) സ്വയംതൊഴിൽ വിപുലീകരണത്തിനായി 2024 ജൂലൈ മാസത്തിൽ 2,17 ,65 000/- രൂപ ലോൺ നൽകി. 87 സംഘങ്ങളിലെ 436 അംഗങ്ങൾക്കാണ് ഈ തുക നൽകിയത്.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

## ARCHDIOCESAN CORPORATE EDUCATIONAL AGENCY

**Renewal Centre, Azad Road, Kaloor, Kochi 682 017.**
*www.ernakulameducationcouncil.com • Mob: 7907106119*
*E-mail: ernakulameducation@gmail.com*

### പ്രധാനാദ്ധ്യാപകരുടെ മീറ്റിംഗ്

പ്രധാനാദ്ധ്യാപകരുടെ മീറ്റിംഗ് ജൂലൈ 22-ാം തിയതിയിൽ കലൂർ റിന്യൂവൽ സെന്ററിൽ നടന്നു. ഈ അദ്ധ്യയന വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള രൂപരേഖ കോർപ്പറേറ്റ് മാനേജർ അവതരിപ്പിച്ചു. അസി. കോർപ്പറേറ്റ് മാനേജർ ഡോ.ബെന്നി പാലാട്ടി, എച്ച്. എം. കോൺഫറൻസ് സെക്രട്ടറി, ശ്രീ സിജൊ ടിജെ, പ്രോഗ്രാം കോർഡിനേറ്റർ പ്രൊഫ. ഫ്രാൻസീസ് എടത്രക്കരി, എന്നിവർ സംസാരിച്ചു.

### സ്കൂൾ സന്ദർശനം

ഈ അദ്ധ്യയന വർഷത്തെ സ്കൂൾ സന്ദർശന പരിപാടിക്ക് ആലുവ സെന്റ് മേരീസ്, എൽ.പി.എസ്., എച്ച്.എസ്. എന്നീ സ്കൂളുകൾ സന്ദർശിച്ച് ജൂലൈ 11 ന് ആരംഭിച്ചു.

### ഗുരു - കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി അദ്ധ്യാപകർക്കുള്ള പരിശീലന പരിപാടി

എറണാകുളം-അങ്കമാലി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയും ചുണങ്ങംവേലി നിവേദിതയും സംയുക്തമായി ചേർന്ന് അദ്ധ്യാപകർക്കായി ആരംഭിക്കുന്ന പരിശീലന പരിപാടി 2024 ആഗസ്റ്റ് മാസം ആരംഭിക്കുന്നതാണ്.

**ഫാ. തോമസ് നങ്ങേലിമാലിൽ**
**കോർപ്പറേറ്റ് മാനേജർ**

# അതിരൂപത കെ. സി. എസ്. എൽ.

## പ്രവർത്തന വർഷം ഉദ്ഘാടനം

കെ. സി. എസ്. എൽ. അതിരൂപത പ്രവർത്തന വർഷം ഉദ്ഘാടനം അതിരൂപത ചാൻസലർ റവ. ഫാ. മാർട്ടിൻ കല്ലുങ്കൽ നിർവ്വഹിച്ചു. അതിരൂപത പ്രസിഡന്റ് ശ്രീ. സോയി കളമ്പാട്ട് സ്വാഗതം അർപ്പിച്ച യോഗത്തിൽ അതിരൂപത ഡയറക്ടർ റവ. ഫാ. തോമസ് നങ്ങേലി മാലിൽ അദ്ധ്യക്ഷത വഹിച്ചു. അസി. ഡയറക്ടർ റവ. ഫാ. ബെന്നി പാലാട്ടി മികച്ച യൂണിറ്റുകൾക്കുള്ള സമ്മാന വിതരണം നടത്തി. കാർഡിനൽ പാറേക്കാട്ടിൽ അദ്ധ്യാപക ജേതാക്കളായ ശ്രീമതി റെനി ജി. ആലപ്പാട്ട്, സിസ്റ്റർ എൽസ ഗ്രേസ് എന്നിവർക്ക് പുരസ്കാരങ്ങൾ സമ്മാനിച്ചു. സംസ്ഥാനത്തെ മികച്ച കെ. സി. എസ്. എൽ. ആനിമേറ്റർ അധ്യാപക അവാർഡ് നേടിയ എറണാകുളം-അങ്കമാലി അതിരൂപത സംസ്ഥാന പ്രസിഡന്റ് സോയി കളമ്പാട്ടിനെ ചടങ്ങിൽ ആദരിച്ചു. മതബോധന രംഗത്ത് 50 വർഷം പൂർത്തിയാക്കിയ ഡേവിസ് കല്ലൂക്കാരനെ പെന്നാടയണിച്ച് ആദരിച്ചു. ശ്രീമതി അജി തോമസ്, ശ്രീ. ജോസഫ് എം.ടി., മാസ്റ്റർ അസഫ് ജെയ്സൺ എന്നിവർ പ്രസംഗിച്ചു.

## സംസ്ഥാന അധ്യാപക അവാർഡ്



സംസ്ഥാനത്തെ മികച്ച കെ.സി.എസ്.എൽ. ആനിമേറ്റർ അധ്യാപക അവാർഡ് നേടിയ എറണാകുളം-അങ്കമാലി അതിരൂപത സംസ്ഥാന പ്രസിഡന്റ് സോയി കളമ്പാട്ടിന് എറണാകുളം-അങ്കമാലി അതിരൂപതയുടെ അനുമോദനങ്ങൾ.

**ഫാ. തോമസ് നങ്ങേലിമാലിൽ**
**ഡയറക്ടർ**

# നൈപുണ്യ ഇന്റർനാഷണൽ

## 1) NAIPUNNYA INTERNATIONAL, CORPORATE OFFICE

**Contact: 9446339966, 0484-2381947**

- **Overseas Education**

- Applications open for Jan 2025 intake for CANADA, AUSTRALIA, NEWZEALAND, UK, IRELAND AND EUROPEAN DESTIONATIONS.
- Grab your seats in German Public Universities with scholarships for Summer 2025 intake.
- IELTS offline & online classes (New batches on all Mondays).

- **NICE (Naipunnya International Communicative English)**

- ഇംഗ്ലീഷ് ഭാഷ അനായാസം തെറ്റില്ലാതെ കൈകാര്യം ചെയ്യാൻ ഏവരെയും ഒരുക്കുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ബാച്ച് പഠനം തുടരുന്നു. 30 ദിവസങ്ങളിലെ സിലബസ് തയ്യാറാക്കി പഠിപ്പിക്കുന്നു. പഠിതാക്കൾക്ക് ടെക്സ്റ്റ് നൽകുന്നു. ഓൺലൈൻ & ഓഫ്‌ലൈൻ ബാച്ചിലേക്ക് താല്പര്യമുള്ള വിദ്യാർത്ഥികൾ, ഉദ്യോഗസ്ഥർ, രക്ഷിതാക്കൾ എന്നിവരെ സ്വാഗതം ചെയ്യുന്നു. പുതിയ ബാച്ച് ജൂലൈയിൽ ആരംഭിക്കുന്നു. ഓഫ്‌ലൈൻ ആയും ഓൺലൈൻ ആയും പഠിക്കാവുന്നതാണ്.

## 2) NAIPUNNYA ACADEMY, RENEWAL CENTRE, KALOOR

**Contact: 9544919144 , 9072919144**

- **2024 ആഗസ്റ്റ് മാസത്തിലെ പ്രോഗ്രാമുകൾ**

1. ഇറ്റാലിയൻ കോഴസ് പുതിയ ഓഫ് ലൈൻ ബാച്ചുകൾ (A1, A2 & B1, B2) ആഗസ്റ്റ്1-ന് ആരംഭിക്കുന്നു.
2. ജർമൻ കോഴ്സ് പുതിയ ഓഫ്‌ലൈൻ ബാച്ച് (B1) ആഗസ്റ്റ് 5-ന് ആരംഭിക്കുന്നു.
3. സിവിൽ സർവീസ് റെഗുലർ, സൺഡേ, ഫൗണ്ടേഷൻ & NICSA ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു (2024-2025).

4. സിവിൽ സർവീസ്ഔട്ട്റീച്ച്പ്രോഗ്രാമുകൾതുടരുന്നു.

## 3) NAIPUNNYA ACADEMY, THRIKKAKARA

**Contact: 9544919133, 9947349966**

- **AUGUST PROGRAMS**

1. UGC NET /JRF PAPER I& PAPER II -Offline (Batch for 2024 DECEMBER exam)
2. BANK (IBPS, PO, CLERK, SO) -offline (new admission all Mondays)
3. SSC (CGL, CHSL, MTS) - -offline (new admission all Mondays)
4. C MAT, K-MAT Offline (Admission for next Exams)
5. PSC Offline LDC-2024 (new admission all Mondays)
6. IELTS Regular Offline & Online (All Mondays new batch)
7. PTE (Pearson Test of English)- Regular Offline & Online (All Mondays new batch)

## 4) NAIPUNNYA INTERNATIONAL, L.F. CAMPUS, ANGAMALY

**Contact: 9544919155, 9633338433**

IELTS, OET, PTE തുടങ്ങി വിദേശ വിദ്യാഭ്യാസത്തിനും നഴ്സിംഗ് ജോലികൾക്കും ആവശ്യമായ ഇംഗ്ലീഷ് ടെസ്റ്റ് പരിശീലന പരിപാടി നടത്തി വരുന്നു. വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം സാധ്യമാക്കുവാൻ എല്ലാവിധ സഹായങ്ങളും ലഭ്യമാക്കുന്ന Overseas Education Consultancy ആയും പ്രവർത്തിച്ചുവരുന്ന Naipunnya International Angamaly Branch ൽ നിന്നും നിരവധി കുട്ടികൾ വിദേശവിദ്യാഭ്യാസം സാധ്യമാക്കിവരുന്നു.

## 5) NAIPUNNYA INTERNATIONAL, PALA

**Contact: 0482-2201546, 9947855132**

- For Overseas Education & Counselling

**ഫാ. സജി കണ്ണാപറമ്പൻ**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

## ബിഷപ്പ് ബോസ്കോ പുത്തൂർ

### ജൂൺ 2024

27 വൈകുന്നേരം അങ്കമാലി എസ്. എച്ച്. കോൺവെന്റിൽ സി. ലിറ്റി എഫ്.സി.സി. യുടെ മൃതസംസ്കാരശുശ്രൂഷയുടെ സമാപനകർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു.

28 വൈകിട്ട് മൗണ്ട് സെന്റ് തോമസിൽ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവുമായി കൂടിക്കാഴ്ച നടത്തി.

29 വൈകിട്ട് അതിരൂപയിലെ ഡീക്കന്മാരുമായി കൂടിക്കാഴ്ച നടത്തി.

30 രാവിലെ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് വിളിച്ച അതിരൂപതയിലെ വിവിധ സന്യാസമൂഹസമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സിന്റെ യോഗത്തിൽ സംബന്ധിച്ചു.

ഉച്ചയ്ക്ക് കൈപ്ര കൃപാസദൻ മഠത്തിൽ സി. ബനഡിക്ട എഫ്.സി.സി. യുടെ മൃതദേഹം പൊതുദർശനത്തിനുവച്ച വേളയിൽ ഒപ്പീസ് ചൊല്ലി.

വൈകിട്ട് വല്ലാർപാടം പള്ളിയിൽ വരാപ്പുഴ അതിരൂപതയുടെ നിയുക്ത സഹായമെത്രാൻ ആന്റണി വാലുങ്കൽ-ന്റെ മെത്രഭിഷേകർമ്മങ്ങളിൽ സംബന്ധിച്ചു.

രാത്രി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പെർമനന്റ് സിനഡിൽ പങ്കെടുത്തു.

### ജൂലൈ 2024

01 ഉച്ചകഴിഞ്ഞ് കാക്കനാട് മൗണ്ട് സെന്റ് തോമസ് - മീറ്റിംഗ്

02 വൈകിട്ട് കാക്കനാട് മൗണ്ട് സെന്റ് തോമസ് - മീറ്റിംഗ്

03 രാവിലെ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ദുക്റാനത്തിരുന്നാളിനോടനുബന്ധിച്ച് സഭാദിന പരിപാടികളിൽ പങ്കെടുത്തു.

വൈകിട്ട് കണ്ടനാട് പള്ളിയുടെ കുരിശുപള്ളിയായ, വട്ടുകുന്ന് സെന്റ് തോമസ് പള്ളിയുടെ പുനർനിർമ്മാണത്തിന്റെ ശിലാ സ്ഥാപനകർമ്മം നിർവ്വഹിച്ചു.

04 രാവിലെ കീഴ്മാട് പള്ളിയിൽ മുൻവികാരി സലേഷ്യൻ സഭാംഗം ബഹുമാനപ്പെട്ട ജോസിൻ താഴത്തേട്ട് അച്ചന്റെ മൃതദേഹം പൊതുദർശനത്തിനുവച്ച വേളയിൽ ഒപ്പീസ് ചൊല്ലി.

05 ഉച്ചകഴിഞ്ഞ് ആലുവ എഫ്.സി.സി. നൊവിഷ്യേറ്റ് ഹൗസിൽ സി. പാവന എഫ്.സി.സി. യുടെ മൃതസംസ്കാരശുശ്രൂഷയുടെ സമാപനകർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു.

06 വൈകിട്ട് തൃപ്പൂണിത്തുറ സി.എം.സി. കോൺവെന്റിൽ സി. ക്ലെയോ സി.എം.സി. യുടെ മൃതസംസ്കാരശുശ്രൂഷയുടെ സമാപനകർമ്മങ്ങൾക്ക് (മഠത്തിൽ) കാർമികത്വം വഹിച്ചു.

07 വൈകിട്ട് ഐമുറി ഇടവകയിൽ ബഹുമാനപ്പെട്ട അമൽ മാളിയേക്കൽ RCJ അച്ചന്റെ വന്ദ്യപിതാവിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് (ഭവനത്തിൽ) കാർമികത്വം വഹിച്ചു.

10 രാവിലെ തൃശ്ശൂർ അതിരൂപതയിലെ കല്ലൂർ ഇടവകയിൽ, മെൽബൺ രൂപതയിൽ സേവനം ചെയ്യുന്ന ബഹുമാനപ്പെട്ട വർഗ്ഗീസ് വിതയത്തിൽ അച്ചന്റെ സഹോദരന്റെ മൃതസംസ്കാര കർമ്മങ്ങൾക്ക് (ഭവനത്തിൽ) കാർമികത്വം വഹിച്ചു.

വൈകിട്ട് ചാലിൽ പള്ളിയിൽ കടപ്പ രൂപതാംഗമായ ബഹുമാനപ്പെട്ട ജോസഫ് ജെ. ഇടത്തിച്ചിറ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയുടെ സമാപനകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

* * * * *



# St. John Maria Vianney

1786 - 1859

RNI No. 3421/57
Date of Publication: 01-08-2024

Registered: KL/EKM/748/2022-24
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM




Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

Editor: Fr. Biju Varghese.

www.ernakulamarchdiocese.org